പ്രതികൂലിക്കുന്നവർ - 50

നിഷ്പക്ഷത പാലിക്കുന്നവർ - ആരുമില്ല

ശ്രീ. കെ.എം. മാണിയുടെ 189-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ. എം. മാണി അവതരിപ്പിച്ച 177-ാം നമ്പർ ഭേദഗതിയും ശ്രീ. ഡൊമിനിക് പ്രസന്റേഷൻ അവതരിപ്പിച്ച 190-ാം നമ്പർ ഭേദഗതിയും സഭ നിരാകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 3-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 3-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

XIV. ക്രമപ്രശ്നം

ഒരു മെമ്പർ അവതരിപ്പിച്ച ഭേദഗതി സ്വീകരിക്കാതെ അതേ ഭേദഗതി വകുപ്പുമന്ത്രി വാക്കാൽ ഭേദഗതിയായി അവതരിപ്പിച്ച് അംഗീകരിക്കാമോ എന്ന പ്രശ്നം.

ശ്രീ. കെ.സി. ജോസഫ് : ഇവിടെ 3-ാം വകുപ്പിന്റെ ചർച്ച നടക്കുകയാണ്. സാധാരണഗതിയിൽ മിനിസ്റ്റർ ആ സമയത്ത് അമന്റ്മെന്റ് മൂവ് ചെയ്യുന്നില്ല. റിപ്ലൈ വരുമ്പോൾ മിനിസ്റ്റർ ഒരു ഓറൽ അമന്റ്മെന്റ് പറയും. മൂവ് ചെയ്യുന്ന സമയത്ത് മന്ത്രി അനങ്ങുന്നില്ല., ഓറലും ഇല്ല, റിട്ടണും ഇല്ല. ശ്രീ. ജോണി നെല്ലൂർ അമന്റ്മെന്റ് മൂവ് ചെയ്തതാണ്, ഇതിന് സമാനമായി മൂവ് ചെയ്യാതെ ഉത്തരം പറയുമ്പോൾ ഓറൽ എന്നുപറഞ്ഞ് മൂവ് ചെയ്യുന്നത് ഓർഡറിലാണോ?

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ): അമന്റ്മെന്റിന്റെ ചർച്ച കേട്ടിട്ട് മന്ത്രിക്ക് ഓറൽ അമന്റ്മെന്റ് കൊണ്ടുവരാം എന്നാണ് എന്റെ വാദം.

മി. സ്പീക്കർ : ക്ലാസ് ബൈ ക്ലാസ് ഡിസ്കഷൻ നടക്കുന്ന സമയത്തുതന്നെ ഓൺ ദ സ്പോട്ട് മന്ത്രിക്ക് ഓറൽ അമന്റ്മെന്റ് കൊണ്ടുവരാം. അംഗങ്ങൾക്ക് അങ്ങനെ അവസരം ഉണ്ടാകുകയില്ല.

ശ്രീ. കെ.സി. ജോസഫ് : അപ്പോൾ നേരത്തേ മൂവ് ചെയ്യേണ്ട ആവശ്യമില്ലേ? മെമ്പേഴ്സിന്റെ അമന്റ്മെന്റിനേക്കാൾ പ്രയോറിറ്റി മിനിസ്റ്റർക്കാണ്. ആ വകുപ്പിൽ മിനിസ്റ്ററുടെ അമന്റ്മെന്റുണ്ടെങ്കിൽ മിനിസ്റ്ററുടെ അമന്റ്മെന്റിനാണ് പ്രയോറിറ്റി. അതുകഴിഞ്ഞ് ഞങ്ങൾ മൂവ് ചെയ്യും. അങ്ങനെ മൂവ് ചെയ്തിട്ട് റിപ്ലൈ പറയുകയാണ്. ആ റിപ്ലൈ പറയുമ്പോൾ ഇല്ലാത്ത അമന്റ്മെന്റ് മൂവ് ചെയ്യുന്നത് ഓർഡറിലാണോ?

മി. സ്പീക്കർ : മൂവ് ചെയ്യാം, അത് ഓർഡറിലാണ്. ഇവിടെ കീഴ് വഴക്കമുണ്ട്. ചട്ടപ്രകാരം മൂവ് ചെയ്യാം.

4-ാം വകുപ്പ്

ശ്രീ. കെ.സി ജോസഫ് : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(192) വകുപ്പ് 4(1)-ൽ 'നിധിയിൽനിന്നു ധനസഹായം ചെയ്യുന്ന പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കുന്നതിനും നടത്തിക്കൊണ്ടുപോകുന്നതിനുമായി എന്നതിനുപകരം 'നിധിയിൽനിന്നു ധനസഹായം നൽകുന്നത് സംബന്ധിച്ച കാര്യത്തിന് മേൽനോട്ടം വഹിക്കുന്നതിന്' എന്നു ചേർക്കുക.

സർക്കാരിനു നിർദ്ദേശിക്കാവുന്ന തീയതി മുതൽ പ്രാബല്യത്തോടുകൂടി, നിധിയുടെ ഭരണത്തിനും നിധിയിൽനിന്ന് ധനസഹായം നൽകുന്ന പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കുന്നതിനും ''എന്നതിന്റെകൂടെ നടത്തിക്കൊണ്ടുപോകുന്നതിനുമായി'' എന്നത് മനസ്സിലാകുന്നില്ല. ട്രാൻസ്ലേഷൻ ശരിയല്ല. അതുമാത്രമല്ല ഈ ബോർഡിന്റെ ചുമതല ഈ നിധിയിൽനിന്നും ഫൈനാൻസ് ചെയ്യുന്ന ആ പ്രവർത്തനങ്ങൾക്കുള്ള ഒരു ഓവറോൾ സൂപ്പർവിഷൻ മതി. അല്ലാതെ ആ ഫണ്ട് വിനിയോഗത്തിന്റെ ഒരു ഡേറ്റ് ഓഫ് അഡ്മിനിസ്ട്രേഷന്റെ നിയന്ത്രണം ഈ ബോർഡിന് ആവശ്യമില്ല എന്നുള്ളതാണ്.

<u>ശ്രീ. ടി.എം. ജേക്കബ്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

(193) വകുപ്പ് 4(1)-ൽ ''രൂപീകരിക്കാവുന്നതാണ്'' എന്ന വാക്കിനുപകരം ''രൂപീകരിക്കേണ്ടതാണ്'' എന്ന വാക്ക് ചേർക്കുക.

(198) വകുപ്പ് 4(3) (എച്ച്) നീക്കം ചെയ്യുക.

(201) വകുപ്പ് 4(3) (എച്ച്) താഴെപ്പറയും പ്രകാരം മാറ്റി എഴുതുക. ''(എച്ച്) റിസർവ് ബാങ്ക് നാമനിർദ്ദേശം ചെയ്യുന്ന രണ്ടുപേർ''.

ഇതിൽ ബോർഡിന്റെ ഘടനയെ സംബന്ധിച്ചാണ് 4(3)-ൽ പറയുന്നത്. അതിനകത്ത് (എച്ച്) സർക്കാർ നാമനിർദ്ദേശം ചെയ്ത ഡെവലപ്മെന്റ് ബാങ്കിംഗ് പരിചയസമ്പന്നരായ രണ്ട് വ്യക്തികൾ, ഞാൻ ഇവിടെ പറഞ്ഞിരിക്കുന്നത് റിസർവ് ബാങ്ക് നിർദ്ദേശിക്കുന്ന രണ്ട് വ്യക്തികൾ എന്നാണ് പറഞ്ഞിരിക്കുന്നത്. സർക്കാർ നാമനിർദ്ദേശം ചെയ്ത ഡെവലപ്മെന്റ് ബാങ്കിംഗിൽ പരിചയസമ്പന്നമുള്ളത്. ഇവിടെ ഇപ്പോൾ പ്ലാനിംഗ് ബോർഡ് ഉണ്ട്. പ്ലാനിംഗ് ബോർഡിൽ ഇപ്പോൾ ഇരിക്കുന്ന രണ്ടുപേരും എക്സ്പെർട്ട്സ് ആണെന്നാണ് നിങ്ങൾ പറയുന്നത്. സ.പി.ഐ(എം)-ന്റെ ആളുകളാണ്.

<u>ശ്രീ. സി.പി. ബാലൻവൈദ്യർ</u>: എന്ത്, സി.പി.ഐ (എം)-ൽ എക്സ്പെർട്ട് ആയിക്കൂടെന്നുണ്ടോ?

<u>ശ്രീ. ടി.എം. ജേക്കബ്</u> : സി.പി.ഐ.(എം)-ൽ എക്സ്പെർട്ട് ഇല്ലെന്ന് പറഞ്ഞില്ലല്ലോ? അവിടെ എക്സ്പെർട്ട്സ് ഉണ്ട്. ഞാൻ പറഞ്ഞത് പ്ലാനിംഗ് ബോർഡിന്റെയൊക്കെ അനുഭവംവച്ച് ഡെവലപ്പിംഗ് ബാങ്കിംഗിൽ പരിചയമുള്ള എന്ന് പറയണ്ട. ഇതിന് ബാങ്കിംഗ് സംബന്ധമായി റിസർവ് ബാങ്കാണ് ഇതിന്റെ ഏറ്റവും കോമ്പീറ്റന്റായ ആളുകൾ അവർ പറയുന്ന രണ്ടുപേരെ വയ്ക്കണം എന്നതാണ് എന്റെ ഭേദഗതികൊണ്ടുദ്ദേശിക്കുന്നത്.

<u>ശ്രീ. ജോണി നെല്ലൂർ</u> : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

(195) വകുപ്പ് 4(3) (എഫ്)-ൽ. ''റവന്യൂവകുപ്പ് സെക്രട്ടറി'' എന്ന വാക്കുകൾക്കു പകരം ''വ്യവസായ വകുപ്പ് സെക്രട്ടറി'' എന്ന് ചേർക്കുക.

(203) വകുപ്പ് 4(3) (എച്ച്) താഴെപ്പറയുംപ്രകാരം മാറ്റുക. ''(എച്ച്) സർക്കാർ നാമനിർദ്ദേശം ചെയ്ത രണ്ടു ബാങ്കിംഗ് വിദഗ്ദ്ധർ''

LIBRARY ARCHIVES Kerala Legislative Assembly

(214) വകുപ്പ് 4(5)-ൽ "ധനകാര്യ (റിസോഴ്സസ്) സെക്രട്ടറി" എന്നതിനുപകരം "ആസൂത്രണ വകുപ്പ് സെക്രട്ടറി" എന്നാക്കുക.

മന്ത്രി അവസാനം ഇതിന് സമാനമായി ഏതെങ്കിലും ഓറൽ അമന്റ്മെന്റ് കൊണ്ടുവരുമെന്നുള്ള പ്രതീക്ഷയിൽ നിർത്തുന്നു.

ശ്രീ. സി.എഫ്. തോമസ് : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

"(196) വകുപ്പ് 4(3) (ഡി)ക്ക് ശേഷം (ഇ) (എഫ്) എന്നിവയായി താഴെപ്പറയുന്നവ ചേർക്കുകയും നിലവിലുള്ള (ഇ), (എഫ്) (ജി), (എച്ച്), എന്നിവ (ജി), (എച്ച്), (ഐ), (ജെ), എന്നാക്കുകയും ചെയ്യുക. "(ഇ) വൈദ്യുതി വകുപ്പ് സെക്രട്ടറി; (എഫ്) ഗതാഗത വകുപ്പ് സെക്രട്ടറി;"

ബോർഡിന്റെ ഘടനയിൽ ചീഫ് സെക്രട്ടറി, ധനകാര്യ വകുപ്പ് സെക്രട്ടറി പൊതുമരാമത്തു വകുപ്പു സെക്രട്ടറി ഇതെല്ലാം പറയുന്നുണ്ട്. പക്ഷെ നമ്മുടെയെല്ലാം അടിസ്ഥാന സൗകര്യങ്ങളിൽ വളരെ പ്രധാനപ്പെട്ട വൈദ്യുതി വകുപ്പ് സെക്രട്ടറി ഇതിനകത്ത് നിർബന്ധമായും വരുന്നത് നല്ലതാണ്. അതു പോലെതന്നെ നേരത്തേ പറഞ്ഞിരിക്കുന്ന അടിസ്ഥാന സൗകര്യങ്ങളുടെ കൂട്ടത്തിൽ വളരെ പ്രാധാന്യം കൊടുത്തിരിക്കുന്നതാണ് ഗതാഗത വകുപ്പും. അതു കൊണ്ട് വൈദ്യുതി വകുപ്പ് സെക്രട്ടറി, ഗതാഗത വകുപ്പ് സെക്രട്ടറി ഇവർ രണ്ടുപേരുംകൂടി ഈ ബോർഡിൽ വരണം എന്നുള്ളതാണ് എന്റെ ഭേദഗതി.

ശ്രീ. തമ്പാനൂർ രവി : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

(215) വകുപ്പ് 4(5)-ൽ "ഫണ്ട് മാനേജർ"എന്നതിനുപകരം "മാനേജിംഗ് ഡയറക്ടർ"എന്ന് ചേർക്കുക.

(220) വകുപ്പ് 4(7)-ൽ "അധികാരങ്ങളും ചുമതലകളും" എന്ന വാക്കുകൾക്കും "അത്" എന്ന വാക്കിനും ഇടയിലായി "കാര്യനിർവ്വഹണത്തിനായി" എന്നുകൂടി ചേർക്കുക.

ഈ ഫണ്ടിൽ ചെയർമാൻ ഉണ്ടായിരിക്കും. അതിന് ഫണ്ട് മാനേജർ എന്നുപറയുന്നത് ചിട്ടി കമ്പനി മാനേജർ എന്നു പറയുന്നതുപോലെയാണ്. ഫൈനാൻസിന്റെ സ്പെഷ്യൽ സെക്രട്ടറിയെയാണ് ഫണ്ട് മാനേജറായി വച്ചിരിക്കുന്നത്. അതുകൊണ്ട് ആ ഫണ്ട് മാനേജർ മാറ്റിയിട്ട് ചെയർമാൻ ഉള്ള സ്ഥിതിക്ക് ചെയർമാൻ ചീഫ് സെക്രട്ടറിയാണ്. ഫണ്ട് മാനേജർ എന്നുള്ളത് മാറ്റി മാനേജിംഗ് ഡയറക്ടർ എന്നാക്കണം എന്നതാണ് 215-ാം നമ്പർ ഭേദഗതി കൊണ്ടുദ്ദേശിക്കുന്നത്. അല്ലെങ്കിൽ ചീഫ് എക്സിക്യൂട്ടീവ് എന്ന് ആക്കിയാലും തരക്കേടില്ല.

ബോർഡിന്റെ അധികാരങ്ങൾ ഫണ്ട് മാനേജർക്ക് ഇഷ്ടംപോലെ ചെയ്യാമെന്നുള്ളതാണ്. അതിനിടയിലായി "കാര്യനിർവ്വഹണത്തിനായി"എന്നുകൂടി ചേർക്കണമെന്നുള്ളതാണ് എന്റെ (220)-ാം നമ്പർ ഭേദഗതി.

മി. സ്പീക്കർ : മറ്റ് ഭേദഗതികളൊന്നും ഓർഡറിൽ അല്ല.

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) : ഇതിൽ, ധനകാര്യ (റിസോഴ്സ്) സെക്രട്ടറി ബോർഡിന്റെ ഫണ്ട് മാനേജർ ആണ്. മാനേജർ എന്നുള്ളത് എം.ഡി. എന്ന് ആക്കണമെന്നുള്ളതിനെ സംബന്ധിച്ചാണെങ്കിൽ ഡയറക്ടർ ബോർഡുണ്ടെങ്കിലല്ലേ മാനേജിംഗ് ഡയറക്ടർക്ക് പ്രസക്തിയുള്ളൂ. ഇത് ഡയറക്ടർ ബോർഡല്ല. ഫണ്ട് ബോർഡാണ്. അതുപോ

LIBRARY ARCHIVES Kerala Legislative Assembly

ലെതന്നെ ഡെവലപ്മെന്റ് ബാങ്കിംഗിൽ എക്സ്പെർട്ട്സ് എന്നുള്ളത്. ഇതിൽ ഇപ്പോൾ എടുത്തിട്ടുള്ള ആളെ നോക്കൂ. ശ്രീ. കെ.ആർ. ശ്രീകണ്ഠൻ, ജനറൽ മാനേജർ എസ്.ബി.ടി, എൻ.ജി. പിള്ള, റിട്ടയേർഡ് ഡെപ്യൂട്ടി ജനറൽ മാനേജർ, സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യ.

ഇതിലും ബാങ്കിംഗിൽ പരിചയമുള്ള പ്രമുഖരെ ആണ് വച്ചിട്ടുള്ളത്. അത് സി.പി.ഐ.(എം) അല്ല. ഇവിടെ വന്നിട്ടുള്ള ഭേദഗതികളൊക്കെ ഇതിന്റെ സ്പിരിറ്റിനെ മാറ്റുന്നതാണ്. അതുകൊണ്ട് ഒരു ഭേദഗതിയും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ : ശ്രീ. കെ.സി. ജോസഫ്, ശ്രീ. ടി.എം. ജേക്കബ്, ശ്രീ. ജോണി നെല്ലൂർ, ശ്രീ. സി.എഫ്. തോമസ്, ശ്രീ. തമ്പാനൂർ രവി, എന്നീ അംഗങ്ങൾ അവതരിപ്പിച്ച ഭേദഗതികൾ നിരാകരിക്കപ്പെട്ടു.

4-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

നാലാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

5-ാം വകുപ്പ്

ശ്രീ. ടി.എം. ജേക്കബ് : സർ, ഞാൻ എന്റെ 223-ാം നമ്പർ ഭേദഗതി മൂവ് ചെയ്യുന്നു.

(223) വകുപ്പ് 5(1) നീക്കം ചെയ്യുക.

ശ്രീ. പി. രാജു : സർ, ഞാൻ എന്റെ 228-ാം നമ്പർ ഭേദഗതി മൂവ് ചെയ്യുന്നു.

(228) വകുപ്പ് 5(1)-ൽ "ഒരു അംഗം സർക്കാരിന് ഇഷ്ടമുള്ള കാലത്തോളം"എന്നതിനു പകരം "നിർദ്ദേശിക്കപ്പെട്ട തീയതി മുതൽ 6 വർഷക്കാലം" എന്നാക്കി മാറ്റുക.

ശ്രീ. തമ്പാനൂർ രവി : സർ, ഞാൻ എന്റെ 230-ാം നമ്പർ ഭേദഗതി മൂവ് ചെയ്യുന്നു.

(230) വകുപ്പ് 5(1)-ൽ "സർക്കാരിന് ഇഷ്ടമുള്ള" എന്ന വാക്കുകൾക്കുപകരം "സർക്കാർ നിശ്ചയിക്കുന്ന" എന്ന വാക്കുകൾ ചേർക്കുക. "സർക്കാരിന് ഇഷ്ടമുള്ള" എന്നത് മാറ്റിയിട്ട് "സർക്കാർ നിശ്ചയിക്കുന്ന" കാലത്തോളം എന്ന് മാറ്റണമെന്നാണ്. ഇഷ്ടമുള്ള എന്നത് ഒരു ബില്ലിന് പറ്റിയ വാക്കല്ല. അതാണ് എന്റെ ഭേദഗതി.

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : സർ, ഞാൻ എന്റെ 235-ാം നമ്പർ ഭേദഗതി മൂവ് ചെയ്യുന്നു.

(235) വകുപ്പ് 5(2)-ൽ "രാജി വയ്ക്കാവുന്നതും" എന്നതിനുശേഷമുള്ളത് "എന്നാൽ സർക്കാർ കഴിയുന്നതും വേഗം രാജി സ്വീകരിക്കേണ്ടതും അതുവരെ അദ്ദേഹം ഔദ്യോഗിക സ്ഥാനത്ത് തുടരേണ്ടതുമാണ് എന്ന് മാറ്റുക.

രാജി അക്സപ്റ്റ് ചെയ്യുന്നതിനെക്കുറിച്ചാണ് ഈ വകുപ്പ്. രണ്ടു പേർക്ക് അവകാശമുള്ള രാജിവയ്ക്കാം. ബാങ്കിംഗ് എക്സ്പെർട്ട്സ്. രാജി തന്നാൽ എന്തിനാണ് വച്ചിരിക്കുന്നത്? അതുകൊണ്ട് കഴിയുന്നത്ര വേഗത്തിൽ അത് സ്വീകരിക്കുകയെന്നുള്ളതാണ് എന്റെ അമന്റ്മെന്റ്.

ശ്രീ. പി.ജെ. ജോയി : സർ, ഞാൻ എന്റെ 236-ാം നമ്പർ ഭേദഗതി മൂവ് ചെയ്യുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(236) വകുപ്പ് 5-ൽ (3)-ാം ഉപവകുപ്പു (എച്ച്) ഖണ്ഡപ്രകാരം നിയമിക്കപ്പെട്ട ഏതൊരംഗത്തിന്റേയും ഉദ്യോഗ കാലാവധി എപ്പോൾ വേണമെങ്കിലും സർക്കാരിന് അവസാനിപ്പിക്കാവുന്നതാണ്.

എന്നാൽ അപ്രകാരം ചെയ്യുന്നതിനു മുമ്പായി പ്രസ്തുത അംഗത്തിന് എന്തെങ്കിലും പറയാനുണ്ടെങ്കിൽ അത് കേൾക്കുവാൻ ന്യായമായ ഒരു അവസരം നൽകേണ്ടതാണ്".

അംഗങ്ങളുടെ ഔദ്യോഗിക കാലാവധി, അത് നമ്മൾ ഇതിനുമുമ്പ് അവതരിപ്പിച്ചിട്ടുള്ള പല ബില്ലുകളിലും ഈ ഭേദഗതി വന്നിട്ടുള്ളതാണ്. അപ്രകാരം ചെയ്യുന്നതിന് മുമ്പായി പ്രസ്തുത അംഗത്തിന് എന്തെങ്കിലും പറയാനുണ്ടെങ്കിൽ അത് കേൾക്കുവാൻ അവസരം നൽകേണ്ടതാണ്. ഇതിൽ ഡെവലപ്മെന്റ് ബാങ്കിംഗിൽ പരിചയസമ്പന്നരായ രണ്ട് വ്യക്തികളുണ്ട്. അവരെ മാറ്റുകയോ അല്ലെങ്കിൽ അവർ രാജിവയ്ക്കുകയോ ചെയ്യുന്നതിനുമുമ്പ് ആ അംഗങ്ങൾക്ക് എന്തെങ്കിലും പറയുവാനുണ്ടെങ്കിൽ അത് കേൾക്കുവാൻ ഒരവസരം കൊടുക്കുക എന്നതാണ് എന്റെ ഭേദഗതി.

<u>ശ്രീ. സി.എഫ്. തോമസ്</u> : സർ, ഞാൻ എന്റെ 237-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

(237) വകുപ്പ് 5-ൽ (3)-ാം ഉപവകുപ്പായി താഴെപ്പറയുന്നത് ചേർക്കുക:

"(3) രാജി സംബന്ധിച്ച് നോട്ടീസ് കിട്ടിക്കഴിഞ്ഞാൽ പതിനഞ്ചു ദിവസത്തിനകം സർക്കാർ ഈ കാര്യത്തിൽ തീരുമാനമെടുക്കേണ്ടതും തീരുമാനമെടുത്തശേഷം 7 ദിവസത്തിനകം തീരുമാനം ബന്ധപ്പെട്ട അംഗത്തെ അറിയിക്കേണ്ടതുമാണ്.

രണ്ടുപേർ രാജിവച്ചു കഴിഞ്ഞാൽ അത് സർക്കാർ സ്വീകരിക്കുന്നതുവരെ അവർ തുടർന്നേ പറ്റൂ എന്നുപറയുന്നത് കുഴപ്പം പിടിച്ച കാര്യമാണ്. ഞാൻ ഒരു കമ്മിറ്റിയിലെ മെമ്പറാണെങ്കിൽ അപ്പോൾ രാജിക്കത്ത് കൊടുക്കും. പക്ഷേ ഈ രാജികത്ത് ഗവൺമെന്റ് സ്വീകരിക്കുന്നതുവരെ തുടരണമെന്നു പറഞ്ഞാൽ, അത് അംഗത്തിന്റെ റൈറ്റ് അല്ലേ? ഉത്തരവാദിത്വമില്ല എന്നുള്ളതെങ്കിലും വേണ്ടേ? അതുകൊണ്ട് ഞാൻ അതിനകത്ത് ഒരു 3-ാം ഉപവകുപ്പായി ചേർത്തിരിക്കുന്നു എന്നു മാത്രമേയുള്ളൂ. രാജി സംബന്ധിച്ച നോട്ടീസ് കിട്ടിയ പ്രകാരം 15 ദിവസത്തിനകം സർക്കാർ ഈ കാര്യത്തിൽ തീരുമാനം എടുക്കേണ്ടതും തീരുമാനം എടുത്ത ശേഷം 7 ദിവസത്തിനുശേഷം തീരുമാനം ബന്ധപ്പെട്ട അംഗത്തെ അറിയിക്കേണ്ടതുമാണ്. അത് ഒരു സാമാന്യ മര്യാദയാണ്. വേറെ ആളെ വയ്ക്കാം. ഫിനാൻഷ്യൽ റസ്പോൺസിബിലിറ്റിയൊക്കെ വളരെ വരുന്നതാണ്. അതുകൊണ്ട് ഞാൻ രാജിക്കത്ത് തന്നാൽ അതിന സംബന്ധിച്ച് എന്നെ ഗവൺമെന്റ് തീരുമാനം അറിയിക്കേണ്ട ചുമതലയുണ്ട്. അതിന് ടൈം ലിമിറ്റ് വയ്ക്കണം. 15 ദിവസത്തിനകം ഗവൺമെന്റ് ആ അംഗത്തെ വിവരം അറിയിക്കണം. തീരുമാനം എടുക്കുകയും 7 ദിവസത്തിനകം തീരുമാനം അറിയിക്കുകയും വേണം.

<u>ശ്രീ. ടി. ശിവദാസമേനോൻ</u> : സർ, ആദ്യമായി ഈ അംഗം സർക്കാരിന് ഇഷ്ടമുള്ള കാലത്തോളം എന്നുള്ളത് ബില്ലിൽ വയ്ക്കുന്നത് ഗുണമല്ലയെന്ന് ഇവിടെ പ്രസ്താവിക്കുകയുണ്ടായി. ഭരണഘടനയിൽ ഉണ്ട് ഗവർണറുടെ പീരീഡ്. Governor can continue in office for five years or till the pleasure of the President. കോൺസ്റ്റിട്യൂഷനിൽ ഉണ്ട്. പിന്നെ ബില്ലിൽ പാടില്ലായെന്നുള്ളതെന്താണ്? അത് മലയാളത്തിൽ ആക്കുമ്പോൾ വ്യത്യാസം

LIBRARY ARCHIVES Kerala Legislative Assembly

തോന്നും. പിന്നെ അദ്ദേഹം പറഞ്ഞു, എക്സ്പെർട്ട്സിന്റെ ഫിനാൻഷ്യൽ റസ്പോൺസിബിലിറ്റി വളരെ വലുതാണെന്ന്. അതുകൊണ്ട് തന്നെയാണ് രാജി സ്വീകരിക്കുന്നതുവരെ അവർ കണ്ടിന്യൂ ചെയ്യണമെന്നു പറയുന്നത്. അവർ റിലീവ് ചെയ്യണമെന്നുണ്ടെങ്കിൽ ലയബിലിറ്റീസ് ഒന്നും ഉണ്ടാകാൻ പാടില്ല. ഇത് ഒരു സേഫ്റ്റി ക്ലാസ് ആണ്. It is a safety clause on the Government. അതുകൊണ്ട് ഭേദഗതികൾ സ്വീകാര്യമല്ല.

ശ്രീ. ടി.എം. ജേക്കബ്, ശ്രീ. തമ്പാനൂർ രവി, ശ്രീ. ഡൊമിനിക് പ്രസന്റേഷൻ, ശ്രീ..പി.ജെ. ജോയി, ശ്രീ. സി.എഫ്. തോമസ് എന്നീ അംഗങ്ങൾ അവതരിപ്പിച്ച ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. പി. രാജു അവതരിപ്പിച്ച ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു. 5-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

5-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

6-ാം വകുപ്പ്

ശ്രീ. ടി.എം. ജേക്കബ് : സർ, ഞാൻ എന്റെ 240, 249, 253 എന്നീ ഭേദഗതികൾ അവതരിപ്പിക്കുന്നു.

(240) വകുപ്പ് 6(എ) താഴെപ്പറയുംപ്രകാരം മാറ്റി എഴുതുക. "(എ) നിധിയിലേക്ക് വിഭവ സമാഹരണം നടത്തുക".

(249) വകുപ്പ് 6 (ജി)യിൽ "പദ്ധതിയിൽ വിനിർദ്ദേശിച്ചപ്രകാരം" എന്ന വാക്കുകൾക്ക് പകരം "സർക്കാരിന്റെ പൊതു അക്കൗണ്ടിൽ" എന്ന വാക്കുകൾ ചേർക്കുക.

(253) വകുപ്പ് 6 (ഐ)യിൽ "ധാരണാപത്രം ഉണ്ടാക്കുകയോ പ്രവർത്തന കരാറുകളിൽ ഏർപ്പെടുകയോ ചെയ്യുക" എന്ന വാക്കുകൾക്ക് പകരം "ധാരണാപത്രം ഉണ്ടാക്കുക" എന്ന വാക്കുകൾ ചേർക്കുക.

ശ്രീ. ആര്യാടൻ മുഹമ്മദ് : സർ, ഞാൻ എന്റെ 242-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

(242) വകുപ്പ് 6(ബി)യിൽ താഴെപ്പറയുന്ന ക്ലിപ്ത നിബന്ധന ചേർക്കുക.

"എന്നാൽ ഈ വകുപ്പ് അനുസരിച്ചുള്ള സാമ്പത്തികസഹായം അനുവദിക്കുന്നതിന് മുമ്പായി പദ്ധതിയുടെ പ്രവർത്തനം വിജയത്തെപ്പറ്റി ബോർഡ് ബോദ്ധ്യപ്പെടേണ്ടതാണ്".

ശ്രീ. പി.ജെ. ഫ്രാൻസിസ് : താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(244) വകുപ്പ് 6(ബി) താഴെപ്പറയുംപ്രകാരം ഭേദഗതി വരുത്തുക. "(ബി) പൊതുമേഖലാസംരംഭങ്ങളുടേയും മറ്റു സംരംഭങ്ങളുടേയും അടിസ്ഥാന സൗകര്യപദ്ധതികൾക്കു സാമ്പത്തികസഹായം അനുവദിക്കുക".

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : സർ, ഞാൻ എന്റെ 246-ഉം 248-ഉം ഭേദഗതികൾ അവതരിപ്പിക്കുന്നു.

(246) വകുപ്പ് 6(ഡി)യിൽ താഴെപ്പറയുന്ന ക്ലിപ്ത നിബന്ധന ചേർക്കുക. "എന്നാൽ ഈടാക്കാനുള്ള തുക എഴുതിത്തള്ളുവാൻ തീരുമാനമെടുക്കുന്നതിന് സർക്കാരിന്റെ മുൻകൂർ അനുമതി ആവശ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly

(248) വകുപ്പ് 6(എഫ്)-ൽ "യാത്രയും" എന്നതിനുശേഷം "ജീവനക്കാരുടെ ശമ്പളവും അലവൻസും" എന്നു ചേർക്കുക.

ഇതിൽ എഴുതി തള്ളാൻ അവകാശമുണ്ടാവില്ലെന്ന് വരുത്താൻവേണ്ടി ഞാൻ ഇത് കൊടുക്കുകയാണ്. എന്നാൽ ഈടാക്കുന്ന തുക എഴുതിത്തള്ളാനുള്ള അവകാശം സർക്കാരിനുണ്ട് എന്നുള്ള ഒരു ക്ലാസ് ഉണ്ട്. യാത്ര എന്നുള്ളത് ക്ലിയറല്ല. അതുകൊണ്ട് യാത്രയും ജീവനക്കാരുടെ ശമ്പളവും അലവൻസും, അതിന് ഏതാനും ജീവനക്കാർ വേണ്ടിവരും അതുകൊണ്ട് ഈ യാത്ര എന്നു മാത്രംകൊണ്ട് വളരെ ക്ലിയറാവില്ല. അതുകൊണ്ട് "യാത്രയും" എന്നതിനുശേഷം "ജീവനക്കാരുടെ ശമ്പളവും അലവൻസും" എന്നുകൂടി ചേർക്കണമെന്ന് ഞാൻ ആവശ്യപ്പെടുന്നു.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, ഞാൻ എന്റെ 247-ാം നമ്പർ ഭേദഗതി മൂവ് ചെയ്യുന്നു.

വകുപ്പ് 6(ഇ) യുടെ അവസാനം താഴെപ്പറയുന്നത് ചേർക്കുക. "എന്നാൽ സഹായം നൽകപ്പെട്ട ഏതെങ്കിലും സംരംഭത്തിനോ തദ്ദേശ ഭരണ സ്ഥാപനത്തിനോ എതിരെ റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കുന്നതിനു മുമ്പായി അതിന് പറയാനുള്ളത് കേൾക്കുവാനുള്ള ന്യായമായ അവസരം നൽകേണ്ടതാണ്.

ശ്രീ. സി.എഫ്. തോമസ് : സർ, ഞാൻ എന്റെ 250,254 എന്നീ നമ്പർ ഭേദഗതികൾ മൂവ് ചെയ്യുന്നു.

(250) വകുപ്പ് 6(ജി)യിൽ 'അനുഭവസിദ്ധമാക്കുകയും ചെയ്യുക' എന്ന വാക്കുകൾക്കുപകരം 'അടിസ്ഥാനസൗകര്യ പദ്ധതികൾക്കുവേണ്ടി വിനിയോഗിക്കുകയും ചെയ്യുക' എന്ന വാക്കുകൾ ചേർക്കുക.

കാലാകാലങ്ങളിൽ ഉണ്ടാകുന്ന ബോർഡിലെ മിച്ചംവരുന്ന തുകകൾ പദ്ധതി വിനിർദ്ദേശിച്ച പ്രകാരം നിക്ഷേപിക്കുകയും അങ്ങനെ നിക്ഷേപമായി അനുഭവസിദ്ധമാക്കുകയും ചെയ്യുക, ഈ അനുഭവസിദ്ധമാക്കുകയും ചെയ്യുകയെന്നുള്ളതിനുപകരം ഭംഗിയും നല്ലതും ക്ലിയറും അടിസ്ഥാനസൗകര്യ പദ്ധതികൾക്കുവേണ്ടി വിനിയോഗിക്കുകയും ചെയ്യുക എന്ന് വ്യക്തമായിട്ട് പറയുകയല്ലാതെ, അനുഭവസിദ്ധമാക്കുകയെന്നു പറഞ്ഞാൽ എന്തിനുവേണ്ടിയുള്ളതാണ് എന്ന് വ്യക്തമല്ല. അതുകൊണ്ട് ഇങ്ങനെ ഒരു മാറ്റം വരുത്തുകയെന്നുള്ളതാണ് എന്റെ 250-ാം നമ്പർ ഭേദഗതി.

(254) വകുപ്പ് 6(എൽ) 'ആക്ടിൽ' എന്നതിന് പകരം 'ആക്ടിന്റെ' എന്നാക്കുക.

254-ൽ ഒരു ആശയക്കുഴപ്പമുണ്ട്. ബോർഡിന്റെ അധികാരവും ചുമതലകളുമാണ് പറഞ്ഞിരിക്കുന്നത്. ഈ ക്ലാസിൽ അതിന്റെ (എൽ)ഉപവകുപ്പായി വരും. ഈ ആക്ടിന്റെ ലക്ഷ്യങ്ങൾക്കായി, നിർവഹിക്കുന്നതിലേക്കായി, അങ്ങനെതന്നെ വരണം. അല്ലാതെ ഈ ആക്ടിൽ ലക്ഷ്യങ്ങൾ നിറവേറ്റുന്നതിനായി ബോർഡിന്റെ അധികാരങ്ങൾ എന്ന് എങ്ങനെ പറയും? ഞാൻ ഈ ഭേദഗതികൾ അവതരിപ്പിക്കുന്നു.

ശ്രീ. കെ.സി. ജോസഫ് : സർ, ഞാൻ എന്റെ 251-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(251) വകുപ്പ് 6(എച്ച്)ന്റെ അവസാനം "ചെയ്യുക" എന്നതിനുപകരം "ചെയ്യുകയും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുക" എന്ന് ചേർക്കുക.

251, 6-ാം വകുപ്പ് ബോർഡിന്റെ അധികാരങ്ങളും ചുമതലകളുമാണ് വിശദീകരിക്കുന്നത്. 'എച്ച്'-ൽ പറയുന്നത് നിധിയിൽ നിന്നും ഏതെങ്കിലും സഹായമോ വായ്പയോ ലഭിക്കുന്ന ഏതെങ്കിലും സംരംഭത്തിന്റെ പ്രവർത്തനങ്ങളെ യുദ്ധകാലാടിസ്ഥാനത്തിൽ മുൻകരുതലുകൾ ചെയ്യുക. എന്റെ അമന്റ്മെന്റ് 'ചെയ്യുകയും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുക' എന്നാക്കണം എന്നുള്ളതാണ്. കാരണം അത് റവ്യൂ ചെയ്താൽ മാത്രം പോരാ. ആ റവ്യൂവിന്റെ അടിസ്ഥാനത്തിൽ ഉണ്ടാകുന്ന മോഡിഫിക്കേഷൻസ് കൂടി സജസ്റ്റ് ചെയ്യുന്നതിനുള്ള അധികാരം ഈ ബോർഡിനുണ്ടായിരിക്കണം.

<u>ശ്രീ. കെ. ബാബു</u> : എന്റെ 252-ാം നമ്പർ ഭേദഗതി ഞാൻ മൂവ് ചെയ്യുന്നു.

(252) വകുപ്പ് 6(ഐ)യുടെ പ്രാരംഭത്തിൽ "സർക്കാർ സമ്മതത്തോടു കൂടി" എന്ന് ചേർക്കുക.

<u>മി. സ്പീക്കർ</u> : മറ്റു ഭേദഗതികൾ ഓർഡറിലല്ല.

<u>ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ)</u> : സർ, രണ്ടു ഭേദഗതികൾ സ്വീകരിക്കാവുന്നതാണ്. ഒന്ന് ശ്രീ. ടി.എം. ജേക്കബിന്റെ 240-നിധി ഉപയോഗപ്പെടുത്തുന്നതിനാവശ്യമായ എന്നതിനു പകരം
10. PM "നിധിയിലേക്ക് വിഭവ സമാഹരണം നടത്തുക" എന്നത് അക്സപ്റ്റ് ചെയ്യുന്നു. അതുപോലെ ശ്രീ. സി.എഫ്. തോമസിന്റെ 254, 6-ാം വകുപ്പ് (എൽ)-ൽ 'ആക്ടിൽ' എന്നതിനുപകരം 'ആക്ടിന്റെ' എന്ന ഭേദഗതിയും അംഗീകരിക്കുന്നു. മറ്റു ഭേദഗതികൾ സ്വീകാര്യമല്ല.

ശ്രീ. ടി.എം. ജേക്കബ് അവതരിപ്പിച്ച 240-ാം നമ്പർ ഭേദഗതിയും, ശ്രീ. സി.എഫ്. തോമസ് അവതരിപ്പിച്ച 254-ാം നമ്പർ ഭേദഗതിയും സഭ അംഗീകരിച്ചു.

ശ്രീ. ടി.എം. ജേക്കബ്, അവതരിപ്പിച്ച 249, 253 എന്നീ നമ്പർ ഭേദഗതികളും ശ്രീ. സി.എഫ്. തോമസ് അവതരിപ്പിച്ച (250-ാം നമ്പർ ഭേദഗതി)യും, സർവ്വശ്രീ ആര്യാടൻ മുഹമ്മദ്, പി.ജെ. ഫ്രാൻസിസ്, ഡൊമിനിക് പ്രസന്റേഷൻ, തിരുവഞ്ചൂർ രാധാകൃഷ്ണൻ, കെ.സി. ജോസഫ്, കെ. ബാബു എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ അവതരിപ്പിച്ച ഭേദഗതികൾ സഭ നിരാകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 6-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 6-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>7-ാം വകുപ്പ്</u>

<u>ശ്രീ. തമ്പാനൂർ രവി</u> : സർ, ഞാൻ എന്റെ 259-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുകയാണ്.

(259) വകുപ്പ് 7-ൽ "ഗ്രാന്റുകളും" എന്ന വാക്ക് നീക്കം ചെയ്യുക. അതിനകത്ത് ഒറ്റ കാര്യമേ ഉള്ളൂ. വായ്പ കൊടുക്കാനും, മുൻകൂർ കൊടുക്കാനുമൊക്കെ നല്ലതാണ്. ഗ്രാന്റ് ആവശ്യമുണ്ടോ, ഇത്രയും പാടുപെട്ട് ഉണ്ടാക്കുന്നവരുടെ കാശ് വലിയ പലിശയ്ക്ക് വാങ്ങിയിട്ട് ഗ്രാന്റ് കൊടുക്കണോ, ഈ ഗവൺമെന്റിന്റെ ഇപ്പോഴത്തെ സാമ്പത്തികസ്ഥിതി വച്ചുകൊണ്ട് ഗ്രാന്റ് കൊടു

LIBRARY ARCHIVES Kerala Legislative Assembly

ക്കാൻ കഴിയുമോ, അതുകൊണ്ട് ഗ്രാന്റുകൾ എന്നുള്ള ആ വാക്ക് മാറ്റണം എന്നുള്ളതാണ് എന്റെ അമെന്റ്മെന്റ്.

മി. സ്പീക്കർ : ശ്രീ. ആര്യാടൻ മുഹമ്മദിന്റെ ഭേദഗതി ഓർഡറിലല്ല.

ശ്രീ. ആര്യാടൻ മുഹമ്മദ് : സർ, അവിടെ ഇത് മൂവ് ചെയ്തു അതു കൊണ്ടല്ലേ ഓർഡറിൽ അല്ലാതായത്? ഓർഡറിൽ അല്ല എന്നു പറയുമ്പോൾ ആളുകൾ തെറ്റിദ്ധരിക്കും. അത് മൂവ് ചെയ്തതുകൊണ്ട് ഇനി മൂവ് ചെയ്യേണ്ട കാര്യമില്ല.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) : സർ, ഭേദഗതി സ്വീകരിക്കുന്നില്ല.

ശ്രീ. തമ്പാനൂർ രവി അവതരിപ്പിച്ച ഭേദഗതി സഭ നിരാകരിച്ചു.

7-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

7-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

8-ാം വകുപ്പ്

ശ്രീ. ടി.എം. ജേക്കബ് : സർ, ഞാൻ എന്റെ 261-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുകയാണ്.

(261) വകുപ്പ് 8(1)-ൽ "മറ്റു വിധത്തിലോ" എന്ന വാക്കുകൾ നീക്കം ചെയ്യുക.

ശ്രീ. തമ്പാനൂർ രവി : സർ, ഞാൻ എന്റെ 262, 267 എന്നീ ഭേദഗതികൾ അവതരിപ്പിക്കുകയാണ്.

(262) വകുപ്പ് 8(1)-ൽ "ആവശ്യങ്ങൾക്കായി" എന്ന വാക്കിനും "ഏതു തുകയും" എന്ന വാക്കുകൾക്കും ഇടയിൽ "പരിധിക്ക് വിധേയമായി" എന്ന വാക്കുകൾ ചേർക്കുക.

(267) വകുപ്പ് 8(3)-ൽ "മറ്റു സംരംഭങ്ങൾക്കോ" എന്ന വാക്കു കൾക്കും "അതിന്റെ" എന്ന വാക്കിനും ഇടയിൽ "വായ്പയും പലിശയും തിരിച്ചടയ്ക്കാനുള്ള സാമ്പത്തികശേഷിയുടെ അടിസ്ഥാനത്തിൽ" എന്ന വാക്കുകൾ ചേർക്കുക.

262-ാം നമ്പർ ഭേദഗതിയിൽ സർക്കാർ നിശ്ചയിക്കുന്ന വ്യവസ്ഥകൾ പ്രകാരം ഈ ആക്ടിന്റെ ആവശ്യങ്ങൾക്ക് ഏതു തുകയും കടമായി വാങ്ങാ വുന്നതാണെന്ന് വ്യവസ്ഥ ചെയ്യുന്നു. ഇങ്ങനെ വാങ്ങുന്ന തുകയ്ക്ക് പരിധി നിശ്ചയിക്കേണ്ടതാണ്. ആയതിനാൽ "ആവശ്യങ്ങൾക്കായി" എന്നതിനു ശേഷം പരിധിക്ക് വിധേയമായി എന്ന വാക്കുകൂടി ചേർക്കണം. 267, പൊതു മേഖലാ സ്ഥാപനങ്ങൾക്കോ, മറ്റ് സംരംഭങ്ങൾക്കോ വായ്പകളും, മുൻകൂറു കളും നൽകുമ്പോൾ അങ്ങനെ നൽകുന്ന തുകയും പലിശയും തിരിച്ചട യ്ക്കാൻ അവരുടെ കഴിവുകൂടി കണക്കിലെടുക്കണം എന്നതാണ്. കഴിവുകൂടി കണക്കിലെടുത്തിട്ട് അത് തീരുമാനിക്കണം എന്നതാണ് എന്റെ അമന്റ്മെന്റ്. ഞാൻ അതും മൂവ് ചെയ്യുന്നു.

ശ്രീ. സി.എഫ്. തോമസ് : സർ, ഞാൻ എന്റെ 264-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുകയാണ്.

(264) വകുപ്പ് 8(1)-നു ശേഷം താഴെപ്പറയുന്നത് ചേർക്കുക: "എന്നാൽ ഈ ആക്ട് പ്രകാരം പരമാവധി വാങ്ങാവുന്ന കടം ഇരുന്നൂറ് കോടി രൂപയിൽ കവിയാൻ പാടില്ലാത്തതാകുന്നു."

LIBRARY ARCHIVES Kerala Legislative Assembly

ഏത് തുകയും വാങ്ങാം എന്നുള്ളത് 200 കോടിയായിട്ട് പരിമിതിപ്പെടുത്തിക്കൊണ്ടുള്ള ഭേദഗതിയാണ് ഞാൻ അവതരിപ്പിക്കുന്നത്.

ശ്രീ. ജോണി നെല്ലൂർ : സർ, ഞാൻ എന്റെ 265, 266 എന്നീ ഭേദഗതികൾ അവതരിപ്പിക്കുകയാണ്.

(265) വകുപ്പ് 8(2) നീക്കം ചെയ്യുക.

(266) വകുപ്പ് 8(3)-ൽ 'മറ്റു സംരംഭങ്ങൾക്കോ' എന്ന വാക്കുകൾക്കു പകരം 'പുതിയ പൊതുമേഖലാ സംരംഭങ്ങൾക്കോ' എന്ന വാക്കുകൾ ചേർക്കുക.

266-ൽ നിലവിലുള്ള പൊതുമേഖലാ സംരംഭങ്ങൾക്കോ, മറ്റ് സംരംഭങ്ങൾക്കോ എന്നാണ് ആക്ടിൽ പറയുന്നത്. ഞാൻ അതിൽ കൊണ്ടുവന്നിരിക്കുന്ന ഭേദഗതി 'മറ്റു സംരംഭങ്ങൾക്കോ' എന്നുള്ള വാക്കുകൾ മാറ്റിയിട്ട് 'പുതിയ പൊതുമേഖലാ സംരംഭങ്ങൾക്കോ' എന്ന വാക്കുകൾ കൂട്ടിചേർക്കണം എന്നാണ്.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) : സർ, ഭേദഗതികൾ സ്വീകരിക്കാൻ നിർവ്വാഹമില്ല.

സർവ്വശ്രീ ടി.എം. ജേക്കബ്, തമ്പാനൂർ രവി, സി.എഫ്. തോമസ്, ജോണി നെല്ലൂർ എന്നീ അംഗങ്ങൾ അവതരിപ്പിച്ച ഭേദഗതികൾ സഭ നിരാകരിച്ചു.

8-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

8-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

9-ാം വകുപ്പ്

ശ്രീ. ജോണി നെല്ലൂർ : സർ, ഞാൻ എന്റെ 268-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുകയാണ്.

(268) വകുപ്പ് 9(1)-ന്റെ ക്ലിപ്ത നിബന്ധനയിൽ "ആയിരം കോടി" എന്ന വാക്കുകൾക്ക് പകരം "അഞ്ഞൂറു കോടി" എന്ന വാക്കുകൾ ചേർക്കുക.

"ആയിരം കോടി" എന്നാണ് ബില്ലിൽ പറയുന്നത് അത് "അഞ്ഞൂറു കോടി" എന്നാക്കുക.

ശ്രീ. പി.ജെ. ജോയി : സർ, ഞാൻ എന്റെ 272-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുകയാണ്.

(272) വകുപ്പ് 9(1)-ന്റെ ക്ലിപ്ത നിബന്ധനയിൽ "ആയിരം" എന്നതിനുപകരം "ഇരുന്നൂറ്" എന്ന് ചേർക്കുക.

ശ്രീ. ടി.എം. ജേക്കബ് : സർ, ഞാൻ എന്റെ 277-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുകയാണ്.

(277) വകുപ്പ് 9(1)-ൽ നിലവിലുള്ള ക്ലിപ്ത നിബന്ധനയ്ക്കുശേഷം താഴെപ്പറയുന്ന ക്ലിപ്ത നിബന്ധന ഉൾപ്പെടുത്തുക:

"എന്നുമാത്രമല്ല, സർക്കാർ നൽകുന്ന ജാമ്യത്തിലേക്കായി കേരള സെക്രട്ടേറിയറ്റ്, സംസ്ഥാന നിയമസഭാ മന്ദിരം, ഹൈക്കോടതി മന്ദിരം എന്നീ ആസ്തികൾ ഈടു നൽകുന്നതിൽ നിന്ന് ഒഴിവാക്കേണ്ടതാണ്."

ഞാൻ ആ ഭേദഗതിയിൽ പറഞ്ഞിരിക്കുന്നത് ഇവിടെ ആദ്യത്തെ ഭേദഗതി, 268 ശ്രീ. ജോണി നെല്ലൂർ പറഞ്ഞ അവസരത്തിൽ ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം ഒൻപതാം വകുപ്പ് ജാമ്യത്തിന്റെ കാര്യമാണ്. ഇതിനക

LIBRARY ARCHIVES Kerala Legislative Assembly

ത്തൊരു പ്രൊവിസോ ആയിട്ടാണ് പറഞ്ഞിരിക്കുന്നത് "ആയിരം കോടി" വരെ കൂറയ്ക്കാമെന്ന്. ആയിരം കോടി ഒറ്റയടിയ്ക്ക് ജാമ്യം കൊടുക്കേണ്ട ആവശ്യമില്ല എന്നാണ് എനിക്ക് തോന്നുന്നത്. ഞാൻ ഇവിടെ കൊണ്ടുവന്നിരിക്കുന്ന എന്റെ ഈ ഭേദഗതി "എന്നുമാത്രമല്ല, സർക്കാർ നൽകുന്ന ജാമ്യത്തിലേക്കായി കേരള സെക്രട്ടേറിയറ്റ്, സംസ്ഥാന നിയമസഭാ മന്ദിരം, ഹൈക്കോടതി മന്ദിരം എന്നീ ആസ്തികൾ ഈടട് നൽകുന്നതിൽനിന്ന് ഒഴിവാക്കേണ്ടതാണ്" എന്നാണ്. നമുക്ക് ഇവിടെ കുറേക്കാലംകൂടി ഇരിക്കണമല്ലോ. മൂന്നു പ്രധാനപ്പെട്ട സ്ഥാപനങ്ങളാണ് സെക്രട്ടേറിയറ്റ്, നിയമസഭ, ഹൈക്കോടതി. ഞാൻ ഇത് തമാശയായിട്ട് പറഞ്ഞതല്ല, ഗവൺമെന്റ് എല്ലാംകൂടി ജാമ്യപ്പെടുത്തി സർക്കാരിന്റെ ഗ്യാരന്റി ഒരു ഭാഗത്ത് പെരുകിക്കൊണ്ടിരിക്കുകയാണ്. ഈ ഗവൺമെന്റ് ഗ്യാരന്റി നിന്നത് എല്ലാംകൂടി നോക്കിയാൽ ഈ സംസ്ഥാനം മുഴുവൻ വിറ്റാലും കടം തീരാൻ പോകുന്നില്ല. അതാണ് ഒരു ഭാഗത്ത്, അതിന്റെകൂടെ അഡീഷണലായിട്ട് ഇപ്പോൾ ഇതുകൂടി. ജാമ്യം നിൽക്കുന്ന പ്രത്യേകമായിട്ടുള്ള ഒരു നിയമമാണ്. പഴയ കാലത്ത് ഗ്യാരന്റി നിൽക്കാനുള്ള അവകാശം സർക്കാരിനുണ്ട്. കൃാബിനറ്റിന് എപ്പോൾ വേണമെങ്കിലും ഗ്യാരന്റി കൊടുക്കാം. ഇവിടെ വന്നിരിക്കുന്നത് ഈ സർക്കാരിന്റെ ജാമ്യത്തുക വർദ്ധിപ്പിച്ചു, ജാമ്യം കൊടുക്കുന്ന അവസരത്തിൽ ആക്ടു പ്രകാരം സർക്കാർ പുറപ്പെടുവിച്ച മൊത്തം ജാമ്യത്തുക ആയിരം കോടി, അതിന്റെ കൂടെ ഞാൻ പറഞ്ഞിരിക്കുന്നത് രണ്ടു, മൂന്നു സ്ഥാപനങ്ങളെയെങ്കിലും ജാമ്യം കൊടുക്കുന്നതിൽ നിന്നും ഒഴിവാക്കിക്കിട്ടണം എന്നുള്ളതാണ്.

<u>ശ്രീ. തമ്പാനൂർ രവി</u> : സർ, ഞാൻ എന്റെ 278-ാം നമ്പർഭേദഗതി അവതരിപ്പിക്കുകയാണ്.

(278) വകുപ്പ് 9(2)-ൽ "നടപ്പ് സാമ്പത്തിക വർഷം" എന്നതിനു പകരം "ഒരു സാമ്പത്തിക വർഷത്തിൽ" എന്ന് ചേർക്കുക.

<u>ശ്രീ. ആര്യാടൻ മുഹമ്മദ്</u> : സർ, ഞാൻ എന്റെ 279-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുകയാണ്.

(279) വകുപ്പ് 9(2)-ന് ശേഷം ഉപവകുപ്പ് (3) ആയി താഴെപ്പറയുന്നത് ചേർക്കുക.

"(3) (2)-ാം ഉപവകുപ്പനുസരിച്ച് സഭ മുമ്പാകെ വയ്ക്കുന്ന മൊത്തം തുകയുടെ കണക്കുകളെപ്പറ്റി സഭയ്ക്ക് ചർച്ച ചെയ്യാവുന്നതും, ഫണ്ടിന്റെ പ്രവർത്തനത്തെപ്പറ്റി സഭ നൽകുന്ന നിർദ്ദേശങ്ങൾ സ്വീകരിക്കുവാൻ ഗവൺമെന്റും ബോർഡും ബാദ്ധ്യസ്ഥമായിരിക്കുന്നതുമാണ്"

ധനകാര്യവകുപ്പുമന്ത്രി (<u>ശ്രീ. ടി. ശിവദാസമേനോൻ</u>) : സർ, ഭേദഗതികൾ ഒന്നും സ്വീകരിക്കുന്നില്ല. ഇത് ശ്രീ. ടി.എം. ജേക്കബ് പറയുന്നതിൽ വളരെ ദുഃഖമുണ്ട്. ഈ സുന്ദരമായ അസംബ്ലി മന്ദിരം എങ്ങനെയാ കിടന്നത്, ഇതിങ്ങനെ ആക്കുന്നതിൽ ഒരു എളിയ പങ്ക് നിർവ്വഹിക്കാൻ കഴിഞ്ഞ മന്ത്രിസഭയിലെ ഒരംഗമാണ് ഞാൻ. ആ നിലയ്ക്ക് ഇതിനെ കാത്തുസൂക്ഷിക്കാൻ ഇതിനെ അവഗണിച്ചിട്ട ശ്രീ. ജേക്കബിനെക്കാളും എത്രയോ താൽപ്പര്യം എനിക്കുണ്ട്. അതുകൊണ്ട് ഞാൻ അത് ചെയ്യില്ല. ബേജാറാവണ്ട.

<u>ശ്രീ. ടി.എം. ജേക്കബ്</u> :സർ, മന്ത്രി പറഞ്ഞത് ഇതിന്റെ രൂപീകരണത്തെ സംബന്ധിച്ചാണ്, രൂപീകരണത്തെ സംബന്ധിച്ച് നിങ്ങളേക്കാൾ കൂടുതൽ അർഹത ഈ വശത്ത് ഇരിക്കുന്ന ആളുകൾക്കുണ്ട്. ഇതൊന്നും പണയപ്പെടുത്തരുത് എന്നാണ് ഞാൻ പറഞ്ഞത്. ഈ പോകുന്ന പോക്ക് കണ്ടാൽ

LIBRARY ARCHIVES Kerala Legislative Assembly

ഇതൊക്കെ പണയപ്പെടുത്തും. അതുകൊണ്ട് ഒന്നു പറഞ്ഞതാണ്. തമാശയല്ല, കാര്യമായിട്ട് പറഞ്ഞതാണ്.

സർവ്വശ്രീ. ജോണി നെല്ലൂർ, പി.ജെ. ജോയി, ടി.എം. ജേക്കബ്, തമ്പാനൂർ രവി, ആര്യാടൻ മുഹമ്മദ് എന്നീ അംഗങ്ങൾ അവതരിപ്പിച്ച ഭേദഗതികൾ സഭ നിരാകരിച്ചു.

9-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

9-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

10-ാം വകുപ്പ്

<u>ശ്രീ. തമ്പാനൂർ രവി</u> : സർ, എന്റെ 280-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

(280) വകുപ്പ് 10(1)-ൽ കരുതുന്നത്ര എന്ന് വാക്കിനും ജീവനക്കാരെ എന്ന വാക്കിനും ഇടയിലായി അനുയോജ്യരായ എന്ന വാക്ക് ചേർക്കുക.

സർ, അനുയോജ്യരായിട്ടുള്ള ജീവനക്കാരെ നിയമിക്കുക എന്നതാണ് എന്റെ ഭേദഗതി. ഇഷ്ടംപോലെ ആളുകളെ നിയമിക്കാനും പാടില്ല. ആ ജോലി ചെയ്യാൻ അനുയോജ്യരായ ആളുകളെ നിയമിക്കണമെന്നതാണ് എന്റെ ഭേദഗതി.

<u>ശ്രീ. ടി.എം. ജേക്കബ്</u> : സർ, ഞാൻ എന്റെ 281, 282 എന്നീ ഭേദഗതികൾ അവതരിപ്പിക്കുന്നു.

(281) വകുപ്പ് 10(2) നീക്കം ചെയ്യുക.

(282) വകുപ്പ് 10(2)-ൽ 'പദ്ധതിയിൽ' എന്ന വാക്കിന് പകരം 'സർക്കാർ' എന്ന വാക്ക് ചേർക്കുക.

ഈ 10(2)-ൽ ഇങ്ങനെ റിപ്പീറ്റ് ചെയ്യുന്നു. പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേനയല്ലെങ്കിൽ ഡെപ്യൂട്ടേഷൻ വഴിയാണ് ഈ ജീവനക്കാരുടെ നിയമനം എന്നുപറഞ്ഞിട്ടുണ്ട്. അവർക്ക് സർവ്വീസിന്റെ എല്ലാ വ്യവസ്ഥകളും ബാധകമാണ്. പിന്നെന്തിനാണ് ഈ 10-ാം വകുപ്പിലെ 2-ാം ഉപവകുപ്പ്. അത് ആവശ്യമില്ലെന്നുള്ളതാണ് എന്റെ ഭേദഗതി.

ധനകാര്യ വകുപ്പുമന്ത്രി (<u>ശ്രീ. ടി. ശിവദാസമേനോൻ</u>) : സർ, ആ ഭേദഗതി ആവശ്യമില്ല. അതുകൊണ്ട് ഭേദഗതികൾ ഒന്നും സ്വീകരിക്കാൻ കഴിയുകയില്ല.

സർവ്വശ്രീ തമ്പാനൂർ രവി, ടി.എം. ജേക്കബ് എന്നീ അംഗങ്ങൾ അവതരിപ്പിച്ച ഭേദഗതികൾ സഭ നിരാകരിച്ചു.

10-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

10-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

11-ാം വകുപ്പ്

<u>ശ്രീ. പി.ജെ. ഫ്രാൻസീസ്</u> : സർ, ഞാൻ എന്റെ 283-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

(283) വകുപ്പ് 11-ൽ 'വ്യക്തി' എന്ന വാക്കിനുപകരം 'സംരംഭങ്ങൾ' എന്ന വാക്ക് ചേർക്കുക.

LIBRARY ARCHIVES Kerala Legislative Assembly

ഇതിൽ ഈ ആക്ടോ, പദ്ധതിയോ പ്രകാരമോ അതിൻകീഴിലോ ഏതെങ്കിലും വ്യക്തി ബോർഡിന് നൽകേണ്ടതും അല്ലെങ്കിൽ ബോർഡ് വസൂലാക്കേണ്ടതും..... ഏതെങ്കിലുമൊരു വ്യക്തി, വ്യക്തിയുടെ പ്രശ്നം ഇവിടെ ഉദിക്കുന്നില്ല, സംരംഭങ്ങളാണ്. അതുകൊണ്ട് "ആ വ്യക്തി"യെന്നുള്ള പദം മാറ്റിയിട്ട് "ഏതെങ്കിലും സംരംഭങ്ങൾ ബോർഡിന് നൽകേണ്ടതും അല്ലെങ്കിൽ ബോർഡ് വസൂലാക്കേണ്ടതുമായ എല്ലാ തുകകളും അതുമായി ബന്ധപ്പെട്ട എല്ലാ ചാർജ്ജുകളും....." എന്ന് ആക്കണം.

ശ്രീ. ടി.എം. ജേക്കബ് : സർ, ഞാൻ എന്റെ 284-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

(284) വകുപ്പ് 11-ൽ 'ഭൂനികുതി വസൂലാക്കാൻ' എന്ന വാക്കുകൾക്കുപകരം 'ഭൂനികുതി വസൂലാക്കൽ' എന്ന വാക്കുകൾ ചേർക്കുക.

ശ്രീ. തമ്പാനൂർ രവി : സർ, ഞാൻ എന്റെ 285-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

(285) വകുപ്പ് 11-ൽ 'എന്നപോലെ' എന്ന വാക്കിനുപകരം 'എന്നപോലെയോ മറ്റ് നിയമ നടപടിമൂലമോ' എന്ന വാക്കുകൾ ചേർക്കുക.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) : ശ്രീ. ടി.എം. ജേക്കബിന്റെ 284-ാം നമ്പർ ഭേദഗതി സ്വീകരിക്കുന്നു. 'ഭൂനികുതി വസൂലാക്കാൻ' എന്നതിനുപകരം 'ഭൂനികുതി വസൂലാക്കൽ' എന്ന് ചേർക്കണമെന്ന ശ്രീ. ടി.എം. ജേക്കബിന്റെ ഭേദഗതി സ്വീകരിക്കുന്നു.

ശ്രീ. ടി.എം. ജേക്കബ് അവതരിപ്പിച്ച 284-ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചു.

സർവ്വശ്രീ. പി.ജെ. ഫ്രാൻസിസ്, തമ്പാനൂർ രവി എന്നീ അംഗങ്ങൾ അവതരിപ്പിച്ച ഭേദഗതികൾ സഭ നിരാകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 11-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 11-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

12-ാം വകുപ്പ്

12-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

12-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

13-ാം വകുപ്പ്

ശ്രീ. തമ്പാനൂർ രവി : സർ, ഇതിനകത്ത് ഉത്തമ വിശ്വാസത്തിൽ ചെയ്ത പ്രവർത്തനത്തിന് സംരക്ഷണം, സർ, എന്താണ് ഉത്തമ വിശ്വാസം? അത് ഒരു ബില്ലിന് യോജിച്ചതല്ല. അതുകൊണ്ട് ആ ക്ലാസ് ഡിലീറ്റ് ചെയ്യണം.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) : സ്വീകരിക്കുന്നില്ല.

13-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

13-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

LIBRARY ARCHIVES Kerala Legislative Assembly

14-ാം വകുപ്പ്

ശ്രീ. ടി.എം. ജേക്കബ് : സർ, ഞാൻ എന്റെ 291-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

(291) വകുപ്പ് 14(1)-ൽ 'സംസ്ഥാന നയവും, ദേശീയ നയവുമായി ബന്ധപ്പെട്ട്' എന്ന വാക്കുകൾക്കുപകരം 'നയപരമായ' എന്ന വാക്ക് ചേർക്കുക.

സർ, ഈ ആക്ടിൽ എന്തുതന്നെ അടങ്ങിയിരുന്നാലും സംസ്ഥാന നയവും ദേശീയ നയവുമായി ബന്ധപ്പെട്ട് അങ്ങനെ പറയേണ്ട ആവശ്യമില്ല. നയപരമായ കാര്യങ്ങൾ എന്നു പറഞ്ഞാൽ മതി, നമുക്ക് എല്ലാ നയവും വരും.

ശ്രീ. തമ്പാനൂർ രവി : സർ, ഞാൻ എന്റെ 292, 293 എന്നീ ഭേദഗതികൾ അവതരിപ്പിക്കുന്നു.

(292) വകുപ്പ് 14(2)-ൽ "ബോർഡുമായി കൂടിയാലോചിച്ചശേഷം" എന്ന വാക്കുകൾ നീക്കം ചെയ്യുക.

(293) വകുപ്പ് 14(3)-ന്റെ അവസാനം "അടിയന്തിര ഘട്ടത്തിൽ പൊതു നിർദ്ദേശങ്ങൾ വ്യതിചലിച്ചുകൊണ്ട് ബോർഡിന് എന്തെങ്കിലും ചെയ്യേണ്ടിവന്നാൽ ഉടനടി ഗവൺമെന്റിന്റെ അംഗീകാരം തേടേണ്ടതാണ്" എന്ന വാക്കുകൾ ചേർക്കുക.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) : ഭേദഗതികൾ സ്വീകാര്യമല്ല.

സർവ്വശ്രീ ടി.എം. ജേക്കബ്, തമ്പാനൂർ രവി എന്നീ അംഗങ്ങൾ അവതരിപ്പിച്ച ഭേദഗതികൾ നിരാകരിക്കപ്പെട്ടു.

14-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

14-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

15-ാം വകുപ്പ്

ശ്രീ. സി.എഫ്. തോമസ് : സർ, ഞാൻ എന്റെ 294-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു. സംസാരിക്കുന്നില്ല.

(294) വകുപ്പ് 15(1) താഴെപ്പറയുംപ്രകാരം മാറ്റുക.

"(1) ബോർഡ് ഈ ആക്ടിൻകീഴിൽ ഉണ്ടാക്കിയ പദ്ധതിയിൽ വിനിർദ്ദേശിക്കുന്ന രീതിയിൽ ബോർഡിന്റെ രേഖകളും കണക്കുബുക്കുകളും സൂക്ഷിക്കേണ്ടതും വാർഷിക കണക്കുകളുടെ ഒരു സ്റ്റേറ്റുമെന്റും ബാലൻസ് ഷീറ്റും തയ്യാറാക്കേണ്ടതുമാണ്.

ശ്രീ. തമ്പാനൂർ രവി : സർ, ഞാൻ എന്റെ 295, 296, 297 എന്നീ ഭേദഗതികൾ അവതരിപ്പിക്കുന്നു. സംസാരിക്കുന്നില്ല.

(295) വകുപ്പ് 15(2)-ൽ രണ്ടാം വരിയിൽ "പ്രകാരമുള്ള" എന്ന വാക്ക് നീക്കം ചെയ്യുക.

(296) വകുപ്പ് 15(3)-ൽ "സർക്കാർ" എന്ന വാക്കിനും "അതിന്" എന്ന വാക്കിനും ഇടയിൽ താഴെപ്പറയുന്നത് ചേർക്കുക.

"റിപ്പോർട്ട് പഠിച്ചശേഷം"

(297) വകുപ്പ് 15-ൽ താഴെപ്പറയുന്നത് ഉപവകുപ്പ് (4) ആയി ചേർക്കുക.

LIBRARY ARCHIVES Kerala Legislative Assembly

"(4) ബോർഡിന്റെ എല്ലാ കണക്കുകളും അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റിന് വിധേയമാക്കേണ്ടതാണ്.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) : ഭേദഗതികൾ സ്വീകരിക്കുന്നില്ല.

സർവ്വശ്രീ. സി.എഫ്. തോമസ്, തമ്പാനൂർ രവി, എന്നീ അംഗങ്ങൾ അവതരിപ്പിച്ച ഭേദഗതികൾ നിരാകരിക്കപ്പെട്ടു.

15-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

15-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

16-ാം വകുപ്പ്

ശ്രീ. തമ്പാനൂർ രവി : സർ, ഞാൻ എന്റെ 302-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

(302) വകുപ്പ് 16(2)-ൽ "സ്റ്റേറ്റ്മെന്റ് സഹിതം" എന്ന വാക്കുകൾക്കും "നിയമസഭയുടെ" എന്ന വാക്കിനും ഇടയിൽ താഴെപ്പറയുന്നത് ചേർക്കുക.

"സർക്കാർ അഭിപ്രായത്തോടൊപ്പം"

ശ്രീ. ടി.എം. ജേക്കബ് : സർ, ഞാൻ എന്റെ 303-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു. സംസാരിക്കുന്നില്ല.

(303) വകുപ്പ് 16(2)-ൽ "വെയ്പ്പിക്കേണ്ടതാണ്" എന്ന വാക്കിനു പകരം "വെയ്ക്കേണ്ടതാണ്" എന്ന വാക്ക് ചേർക്കുക.

മി. സ്പീക്കർ : മറ്റു ഭേദഗതികൾ ഒന്നും ഓർഡറിലല്ല.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) : ഭേദഗതികൾ സ്വീകരിക്കുന്നില്ല.

സർവ്വശ്രീ. തമ്പാനൂർ രവി, ടി.എം. ജേക്കബ് എന്നീ അംഗങ്ങൾ അവതരിപ്പിച്ച ഭേദഗതികൾ നിരാകരിക്കപ്പെട്ടു.

16-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

16-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

17-ാം വകുപ്പ്

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : സർ, ഞാൻ എന്റെ 307-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

(307) വകുപ്പ് 17(1)-ൽ "ഏതു സമയത്തും" എന്ന വാക്കുകൾക്കു ശേഷം "അനുയോജ്യമായ" എന്ന വാക്ക് ചേർക്കുക.

സർ, അത് "സർക്കാരിന് ഏത് സമയത്തും ഏതൊരാളെയും" എന്നത് ഞാൻ എന്റെ ഭേദഗതിയിൽ "അനുയോജ്യമായ ഏതൊരാളെയും" എന്നാക്കി അവതരിപ്പിക്കുന്നു.

ശ്രീ. തമ്പാനൂർ രവി : സർ, ഞാൻ എന്റെ 308-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു. സംസാരിക്കുന്നില്ല.

(308) വകുപ്പ് 17(1)-ൽ "ഏതൊരാളെയും" എന്നതിനുപകരം "സർക്കാരിന്റെ ഏതൊരു ഏജൻസിയെയും" എന്നാക്കി മാറ്റുക.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി.എഫ്. തോമസ് : സർ, ഞാൻ എന്റെ 309-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

(309) വകുപ്പ് 17(1)-ൽ "ചെയ്യുന്നതിനായി" എന്ന വാക്കിനും "നിയമിക്കുന്നതാണ്" എന്ന വാക്കിനുമിടയിൽ "സർക്കാർ സർവ്വീസിൽ നിന്നോ ജുഡീഷ്യൽ സർവ്വീസിൽനിന്നോ" എന്ന വാക്കുകൾ ചേർക്കുക.

സർക്കാരിന് ഏതു സമയത്തും ഏതൊരാളെയും ബോർഡിന്റെ പ്രവർത്തനത്തെക്കുറിച്ച് അന്വേഷിച്ച് റിപ്പോർട്ട് ചെയ്യുന്നതിനായി നിയമിക്കാവുന്നതാണ്. അങ്ങനെ വന്നാൽ അതു ഒരു കുഴപ്പം പിടിച്ച ക്ലാസാണ്. എവിടെനിന്നും ആരേയും ഇതിൽ നിയമിക്കുന്നത് ഭാവിയിൽ കുഴപ്പമുണ്ടാക്കും. അതുകൊണ്ട് സർക്കാർ സർവ്വീസുകളിൽനിന്നോ അല്ലെങ്കിൽ ജുഡീഷ്യൽ സർവ്വീസിൽനിന്നോ എന്ന് എടുത്തു പറഞ്ഞില്ലായെങ്കിൽ ഒരു നിയമത്തിന് അകത്ത് അങ്ങനെ ഏതൊരാളേയും അന്വേഷിക്കാൻ വയ്ക്കാം എന്നുപറഞ്ഞാൽ ആർക്കും ഈ നിയമം വച്ചുകൊണ്ട് ഒരാളെ തിരുകികയറ്റാം. അതുകൊണ്ട് ഗവൺമെന്റ് സർവ്വീസിൽനിന്നോ ജുഡീഷ്യൽ സർവ്വീസിൽനിന്നോ എന്ന് ഒരു അമന്റ്മെന്റ് ഞാൻ കൊണ്ടുവരികയാണ്.

ശ്രീ. ടി.എം. ജേക്കബ് : സർ, ഞാൻ എന്റെ 310-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുകയാണ്.

(310) വകുപ്പ് 17(1) താഴെപ്പറയും പ്രകാരം മാറ്റുക.

"(1) സർക്കാരിന്, ഏതു സമയത്തും ബോർഡിന്റെ പ്രവർത്തനത്തെക്കുറിച്ച് അന്വേഷിച്ച് റിപ്പോർട്ട് ചെയ്യുന്നതിനായി ഹൈക്കോടതി ജഡ്ജിയുടെ പദവിയിൽ കുറയാത്ത ഒരാളെ നിയമിക്കാവുന്നതാണ്. സർ, ഈ വകുപ്പിൽ ബോർഡിനെ സംബന്ധിച്ചുള്ള അന്വേഷണം നടത്താനുള്ള വ്യക്തിയെ സംബന്ധിച്ച് ആണ് പറയുന്നത്, സർ, ഈ ബോർഡ് വളരെ വലുതാണ്. വളരെ വലുത് എന്നുപറഞ്ഞാൽ ആളുകളുടെ എണ്ണത്തിലല്ല. ഇതിന്റെ സ്കീം പർപ്പസ് എന്നൊക്കെ പറയുന്നത് വളരെ വ്യാപകമായ അർത്ഥത്തിലുള്ളതാണ്. അതിനകത്ത് വരുന്ന ആളുകൾ എന്നുപറയുന്നത്, ഈ ബോർഡിന്റെ പ്രവർത്തനങ്ങളെ നിയന്ത്രിക്കുന്നത് ആരൊക്കെയാണ്, എല്ലാം ഐ.എ.എസ്. ഓഫീസേഴ്സ് ആണ്. കൂടുതലും ചീഫ് സെക്രട്ടറി, ധനകാര്യ വകുപ്പു പ്രിൻസിപ്പൽ സെക്രട്ടറി, പൊതുമരാമത്ത് വകുപ്പ് സെക്രട്ടറി, ജലസേചന വകുപ്പു സെക്രട്ടറി, റവന്യൂ വകുപ്പു സെക്രട്ടറി, ധനകാര്യ (റിസോഴ്സസ്) വകുപ്പു സെക്രട്ടറി, ഇവരെല്ലാം ഐ.എ.എസ്. ഓഫീസേഴ്സാണ്. അതുകഴിഞ്ഞ് ഇപ്പോൾ സർക്കാർ ഡെവലപ്മെന്റ് ബാങ്കിൽ നിന്ന് നാമനിർദ്ദേശം ചെയ്യുകയാണ്. പരിചയസമ്പന്നരായ രണ്ടു വ്യക്തി നോമിനേറ്റു ചെയ്ത ആളുകളുടെ പേര് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ വായിച്ചു. പിന്നെ ഈ ബോർഡിന്റെ പ്രവർത്തനത്തെപ്പറ്റി അന്വേഷിക്കാൻ സർക്കാരിന് ഏതു സമയത്തും ഏതൊരാളിനേയും നിയമിക്കാമെന്നാണ്. അപ്പോൾ ഞാൻ സ്കീം നോക്കി. സ്കീമിനകത്ത് പറയുന്നില്ല. റൂൾസിൽ വരുമ്പോൾ റൂൾസിനകത്ത് ഇതുകൂടി പറയുമെന്ന് പറയുന്നില്ല. റൂൾസിൽ പറയുമായിരിക്കും, പക്ഷെ ഇതിനകത്തുള്ളത് അത് ആക്ടിൽത്തന്നെ പറയുകയാണ് നല്ലത്. കാരണം ബോർഡ് എന്താണെന്ന് ആക്ടിൽ പറഞ്ഞിരിക്കുന്ന സാഹചര്യത്തിൽ ആ ബോർഡിനെക്കുറിച്ച് ഇത്രയും റെസ്പോൺസിബിൾ ആയിട്ടുള്ള പേഴ്സൺസ് നമ്മുടെ ബ്യൂറോക്രസിയിൽ ഏറ്റവും ഉയർന്ന തലത്തിൽ ഇരിക്കുന്ന സീനിയേഴ്സ് ആയിട്ടുള്ള ആളുകൾ അവർ നിൽക്കുന്ന ഒരു ബോർഡിന്റെ പ്രവർത്തനത്തിൽ എന്തെങ്കിലും പോരായ്മകൾ വന്നുവെങ്കിൽ

അതിനെക്കുറിച്ച് അന്വേഷിക്കാൻവേണ്ടി നിയമിക്കപ്പെടുന്ന വ്യക്തിയെ സംബന്ധിച്ച് ഞാൻ പറഞ്ഞിരിക്കുന്നത് ഹൈക്കോടതി ജഡ്ജിയാകാനുള്ള യോഗ്യതയിൽ കുറയാത്ത ഒരാളായിരിക്കണം എന്നുള്ളതാണ്. ആരെയെങ്കിലും നിയമിക്കാമെന്നു പറയുന്നത്, അങ്ങനെ വളരെ ലാഘവത്തോടുകൂടി കാണരുത്. ഇത് വളരെ ഗൗരവമുള്ള ഒരു വിഷയമാണ്. അതുകൊണ്ട് മന്ത്രി ഇത് സ്വീകരിക്കണം. അല്ലെങ്കിൽ ഏതൊരാളേയും എന്ന് ഈ നിയമത്തിൽ അവ്യക്തമായി പറയുന്നത് ശരിയല്ല. അതിനോട് ശക്തിയായ എതിർപ്പുണ്ട്. അതുകൊണ്ട് ഈ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) : ഈ ഭേദഗതി ആവശ്യമില്ല. കാരണം ഏത് ഗവൺമെന്റായാലും ഇത്തരത്തിലുള്ള ബോർഡിനെപ്പറ്റിയുള്ള അന്വേഷണം ഉത്തരവാദിത്വമുള്ള അതിനർഹരായ ആളുകളെ മാത്രമേ നിയമിക്കൂ എന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. അതുകൊണ്ട് ഈ ഭേദഗതി ആവശ്യമില്ല.

സർവ്വശ്രീ ഡൊമിനിക് പ്രസന്റേഷൻ, തമ്പാനൂർ രവി, സി.എഫ്. തോമസ് എന്നീ അംഗങ്ങൾ അവതരിപ്പിച്ച ഭേദഗതികൾ നിരാകരിക്കപ്പെട്ടു.

മി. സ്പീക്കർ : ശ്രീ. ടി.എം. ജേക്കബ്, അങ്ങ് അവതരിപ്പിച്ച 310-ാം നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. ടി.എം. ജേക്കബ് : സർ, ഞാൻ പ്രസ് ചെയ്യുന്നു. പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയുംപ്രകാരം വോട്ട് രേഖപ്പെടുത്തി)

അനുകൂലിക്കുന്നവർ - 21

1. ശ്രീ. എ.കെ. ആന്റണി
2. ശ്രീ. കെ. ബാബു
3. ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
4. ശ്രീ. പി.ജെ. ഫ്രാൻസീസ്
5. ശ്രീ. ടി.എം. ജേക്കബ്
6. ശ്രീ. ജോണി നെല്ലൂർ
7. ശ്രീ. കെ.സി. ജോസഫ്
8. ശ്രീ. ജി. കാർത്തികേയൻ
9. ശ്രീ. കെ.കെ.നായർ
10. ശ്രീ. കെ.എം. മാണി
11. ശ്രീ. ആര്യാടൻ മുഹമ്മദ്
12. ശ്രീ. കെ. നാരായണക്കുറുപ്പ്
13. ശ്രീ. എഴുകോൺ നാരായണൻ
14. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
15. ശ്രീമതി രാധാ രാഘവൻ
16. ശ്രീ. തമ്പാനൂർ രവി
17. ശ്രീമതി റോസമ്മ ചാക്കോ

LIBRARY ARCHIVES Kerala Legislative Assembly

18. ശ്രീ. സി.എഫ്. തോമസ്
19. ശ്രീ. തോമസ് ചാഴികാടൻ
20. ശ്രീ. കെ.സി. വേണുഗോപാൽ
21. ശ്രീ. ബി. വിജയകുമാർ

പ്രതികൂലിക്കുന്നവർ - 53

1. ശ്രീ. എ. അലി ഹസ്സൻ
2. ശ്രീ. ആനത്തലവട്ടം ആനന്ദൻ
3. ശ്രീ. എൻ. അനിരുദ്ധൻ
4. ശ്രീ. ആന്റണി രാജു
5. ശ്രീ. ടി.കെ. ബാലൻ
6. ശ്രീ. സി.പി. ബാലൻ വൈദ്യർ
7. ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ
8. ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ
9. ശ്രീ. വി.കെ. ചന്ദ്രൻ
10. ശ്രീ. എം. ദാസൻ
11. ശ്രീമതി ഗിരിജാ സുരേന്ദ്രൻ
12. ശ്രീ. എം.വി. ഗോവിന്ദൻ മാസ്റ്റർ
13. ശ്രീ. ടി.കെ. ഹംസ
14. ശ്രീ. കെ.ഇ. ഇസ്മയിൽ
15. ശ്രീ. ജോൺ ഫെർണാണ്ടസ്
16. ശ്രീ. ജോസ് ബേബി
17. ശ്രീ. എ. കണാരൻ
18. ശ്രീ. പി.കെ. കുമാരൻ
19. ശ്രീ. പി.ടി. കുഞ്ഞിമുഹമ്മദ്
20. ശ്രീ. സി.എ. കുര്യൻ
21. ശ്രീമതി ആർ. ലതാദേവി
22. ശ്രീ. ലോനപ്പൻ നമ്പാടൻ
23. ശ്രീമതി ജെ. മെഴ്സിക്കുട്ടി അമ്മ
24. ശ്രീ. പാലൊളി മുഹമ്മദ്കുട്ടി
25. ശ്രീ. മോൻസ് ജോസഫ്
26. ശ്രീ. പിരപ്പൻകോട് മുരളി
27. ശ്രീ. സി.കെ. നാണു
28. ശ്രീ. എം. നാരായണൻ (ഹോസ്ദുർഗ്ഗ്)
29. ശ്രീ. പി. നാരായണൻ
30. ശ്രീ. ടി.കെ. നൗഷാദ്

LIBRARY ARCHIVES Kerala Legislative Assembly

31. ശ്രീ. കെ. പ്രകാശ് ബാബു
32. ശ്രീമതി എൻ.കെ. രാധ
33. ശ്രീ. കെ. രാധാകൃഷ്ണൻ
34. ശ്രീ. സി.കെ. രാജേന്ദ്രൻ
35. ശ്രീ. കെ.പി. രാജേന്ദ്രൻ
36. ശ്രീ. പി. രാജു
37. ശ്രീ. രാജു എബ്രഹാം
38. ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ
39. ശ്രീ. എസ്. ശർമ്മ
40. ശ്രീ. കെ.പി. സതീശ് ചന്ദ്രൻ
41. ശ്രീ. സത്യൻ മൊകേരി
42. ശ്രീ. സെബാസ്റ്റ്യൻ പോൾ
43. ശ്രീ. എ.സി. ഷൺമുഖദാസ്
44. ശ്രീ. ടി. ശിവദാസമേനോൻ
45. ശ്രീ. ജി. സുധാകരൻ
46. ശ്രീ. പി.പി. സുലൈമാൻ റാവുത്തർ
47. ശ്രീ. പി.എസ്. സുപാൽ
48. ശ്രീ. കടകംപള്ളി സുരേന്ദ്രൻ
49. ശ്രീമതി സുശീലാഗോപാലൻ
50. ശ്രീ. എം.എ. തോമസ്
51. ശ്രീ. എം.പി. വർഗ്ഗീസ്
52. ശ്രീ. വർഗ്ഗീസ് വൈദ്യർ
53. ശ്രീ. പി. വിശ്വൻ

മി. സ്പീക്കർ : ഭേദഗതിയെ അനുകൂലിക്കുന്നവർ -21

പ്രതികൂലിക്കുന്നവർ -53

നിഷ്പക്ഷത പാലിക്കുന്നവർ - ആരുമില്ല.

ശ്രീ. ടി.എം. ജേക്കബ് അവതരിപ്പിച്ച 310-ാം നമ്പർ ഭേദഗതി 21-നെതിരെ 53 വോട്ടുകളോടെ സഭ നിരാകരിച്ചു.

17-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

17-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

18-ാം വകുപ്പ്

ശ്രീ. ടി.എം. ജേക്കബ് : സർ, ഞാൻ 313, 314 എന്നീ ഭേദഗതികൾ അവതരിപ്പിക്കുന്നു.

(313) വകുപ്പ് 18(2) (ബി)യിൽ "വിനിയോഗിക്കേണ്ടതോ നിർവ്വഹിക്കേണ്ടതോ ആണ്" എന്ന വാക്കുകൾക്ക് പകരം "വിനിയോഗിക്കുകയോ നിർവ്വഹിക്കുകയോ ചെയ്യേണ്ടതും" എന്ന വാക്കുകൾ ചേർക്കുക.

LIBRARY ARCHIVES Kerala Legislative Assembly

(314) വകുപ്പ് 18 (2) (ഡി)യിൽ "ഈടാക്കാവുന്നതാണ്"എന്ന വാക്കിന് പകരം "ഈടാക്കാവുന്നതും ആകുന്നു" എന്ന വാക്കുകൾ ചേർക്കുക.

മി. സ്പീക്കർ : മറ്റ് ഭേദഗതികളൊന്നും അവതരിപ്പിക്കേണ്ടതില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

ശ്രീ. ടി. ശിവദാസമേനോൻ : സർ, ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

ഭേദഗതികൾ നിരാകരിക്കപ്പെട്ടു.

18-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

18-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

19-ാം വകുപ്പ്.

ശ്രീ. തമ്പാനൂർ രവി : സർ, ഞാൻ എന്റെ ഭേദഗതി അവതരിപ്പിക്കുന്നു.

(322) വകുപ്പ് 19-ൽ "ഉണ്ടായിരിക്കുന്നതല്ല" എന്ന വാക്കിന് പകരം "ഉണ്ടായിരിക്കുന്നതാണ്" എന്ന വാക്ക് ചേർക്കുക.

മി. സ്പീക്കർ : മറ്റ് ഭേദഗതികളൊന്നും അവതരിപ്പിക്കേണ്ടതില്ല. ബഹുമാനപ്പെട്ട മന്ത്രി ശ്രീ. തമ്പാനൂർ രവിയുടെ ഭേദഗതി സ്വീകരിക്കുന്നുണ്ടോ?

ശ്രീ. ടി. ശിവദാസമേനോൻ : സർ, ഭേദഗതി സ്വീകരിക്കുന്നില്ല.

ശ്രീ. തമ്പാനൂർ രവി അവതരിപ്പിച്ച ഭേദഗതി നിരാകരിക്കപ്പെട്ടു.

19-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

19-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

20-ാം വകുപ്പ്

ശ്രീ. സി.എഫ്. തോമസ് : സർ, ഞാൻ എന്റെ ഭേദഗതി അവതരിപ്പിക്കുന്നു.

(327) വകുപ്പ് 20 (2) താഴെ പറയും പ്രകാരം മാറ്റുക:

"(2) 1-ാം ഉപവകുപ്പിൻകീഴിൽ പുറപ്പെടുവിച്ച ഏതൊരു ഉത്തരവും ഉത്തരവ് പുറപ്പെടുവിച്ചശേഷം ആദ്യം കൂടുന്ന സംസ്ഥാന നിയമസഭാ സമ്മേളനം മുമ്പാകെ വയ്ക്കേണ്ടതാണ്."

മി. സ്പീക്കർ : മറ്റ് ഭേദഗതികളൊന്നും അവതരിപ്പിക്കേണ്ടതില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതി സ്വീകരിക്കുന്നുണ്ടോ?

ശ്രീ. ടി. ശിവദാസമേനോൻ : സർ, ഭേദഗതി സ്വീകരിക്കുന്നില്ല.

ഭേദഗതി നിരാകരിക്കപ്പെട്ടു.

20-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

20-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

21-ാം വകുപ്പ്

ശ്രീ. തമ്പാനൂർ രവി : സർ, ഞാൻ എന്റെ ഭേദഗതി അവതരിപ്പിക്കുന്നു.

(328) വകുപ്പ് 21-ൽ "പദ്ധതി രൂപഭേദപ്പെടുത്തൽ" എന്നതിനുപകരം "പദ്ധതി ഭേദപ്പെടുത്തൽ" എന്നു ചേർക്കുക.

ശ്രീ. കെ.സി. വേണുഗോപാൽ : സർ, ഞാൻ എന്റെ ഭേദഗതി അവതരിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(329) വകുപ്പ് 21 (1) -ൽ "പിൽക്കാല പ്രാബല്യത്തോടുകൂടിയോ" എന്ന ഭാഗം നീക്കം ചെയ്യുക.

സർ, പദ്ധതി ഭേദപ്പെടുത്തുന്നതിനുവേണ്ടിയാണ്. അതിന് മുൻകാല പ്രാബല്യം വേണ്ട എന്നുള്ളതാണ് എന്റെ ഭേദഗതി. അതെങ്കിലും അങ്ങ് സ്വീകരിക്കുമെന്നാണ് ഞാൻ പ്രതീക്ഷിക്കുന്നത്.

ശ്രീ. ടി.എം. ജേക്കബ് : സർ, ഞാൻ എന്റെ ഭേദഗതി അവതരിപ്പിക്കുന്നു.

(334) വകുപ്പ് 21(1) താഴെ പറയും പ്രകാരം മാറ്റം വരുത്തുക.

"(1) സർക്കാരിന് ഗസറ്റ് വിജ്ഞാപനം വഴി, പദ്ധതിയിൽ കൂട്ടിച്ചേർക്കുകയോ, ഭേദഗതി വരുത്തുകയോ, വ്യതിയാനം വരുത്തുകയോ ചെയ്യാവുന്നതാണ്."

സർ, ശ്രീ. കെ.സി. വേണുഗോപാൽ അത് വേറൊരു രൂപത്തിൽ ഇവിടെ പറയുകയുണ്ടായി. അതിനകത്ത് പറഞ്ഞിരിക്കുന്നത് റീ കാസ്റ്റ് ചെയ്യണമെന്നാണ്. ഇവിടെ പറഞ്ഞിരിക്കുന്നത് " സർക്കാരിന് ഗസറ്റ് വിജ്ഞാപനം വഴി പിൽക്കാല പ്രാബല്യത്തോടുകൂടിയോ മുൻകാല പ്രാബല്യത്തോടുകൂടിയോ പദ്ധതിയിൽ കൂട്ടിചേർക്കുകയോ, ഭേദഗതി വരുത്തുകയോ, വ്യതിയാനം വരുത്തുകയോ ചെയ്യാം" എന്നാണ്. ഒരു ഓർഡിനൻസ് പ്രകാരം നിലവിൽ വന്നു. ബഹുമാനപ്പെട്ട മന്ത്രി തന്നെ കുറച്ച് മുമ്പ് അദ്ദേഹത്തിന്റെ മറുപടി പ്രസംഗത്തിൽ പറഞ്ഞു രണ്ട് മൂന്ന് സ്കീംസ് എടുക്കുകയും ചെയ്തു എന്ന്. പിന്നെ ഇതിനകത്ത് എന്തിനാ പിൽക്കാല പ്രാബല്യം? ഇനി അങ്ങോട്ടുള്ള കാര്യങ്ങൾക്ക് നിയമം വന്നു കഴിഞ്ഞു. പ്രോസ്പെക്ടീവായിട്ട് മതി. റെട്രോസ്പെക്ടീവ് ഇഫക്ടിൽ ഈ പദ്ധതിക്ക് ഒരു കാരണവശാലും അംഗീകാരം കൊടുക്കേണ്ട ആവശ്യമില്ല. അതുകൊണ്ട് റെട്രോസ്പെക്ടീവ് ഇഫക്ട് വേണ്ട. അതിന്റെ ആവശ്യമേ ഇല്ല. പിൽക്കാല പ്രാബല്യത്തോടുകൂടി കടമെടുക്കാൻ പറ്റുമോയെന്നുള്ളതാണോ ഇത് തയ്യാറാക്കിയ നമ്മുടെ നിയമജ്ഞരുടെ ലക്ഷ്യമെന്ന് എനിക്ക് അറിഞ്ഞുകൂടാ. എന്റെ അറിവിൽപ്പെട്ടിടത്തോളം.....

ശ്രീ. കെ.എം. മാണി : സർ, മുമ്പേ വല്ലതും എടുത്ത് ചെലവഴിച്ചിട്ടുണ്ടെങ്കിൽ അത് വേണ്ടേ?

ശ്രീ. ടി.എം. ജേക്കബ് : സർ, ഇവർക്കൊക്കെ അല്ലേ അറിയാവൂ.

മി. സ്പീക്കർ : അതാണ് ശ്രീ. ടി.എം. ജേക്കബും ശ്രീ. കെ.എം. മാണിയും തമ്മിലുള്ള വ്യത്യാസം.

ശ്രീ. ടി.എം. ജേക്കബ് : സർ, ഞാൻ പറഞ്ഞതിന്റെ അർത്ഥം എന്താണെന്ന് സഭയ്ക്ക് മനസ്സിലായിക്കാണുമെന്ന് ഞാൻ വിചാരിക്കുന്നു. അതുകൊണ്ട് ഇതിന്റെ ആവശ്യമില്ല.

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : സർ, ഞാൻ എന്റെ ഭേദഗതി അവതരിപ്പിക്കുന്നു.

(335) 21-ാം വകുപ്പ് (2) -ാം ഉപവകുപ്പിൽ "കഴിയുന്നതും വേഗം" എന്നതിനു പകരം "മൂന്നു മാസത്തിനകം" എന്നു ചേർക്കുക.

സർ, പിൽക്കാല പ്രാബല്യം എന്തിനാണെന്ന് ബഹുമാനപ്പെട്ട മന്ത്രി എക്സ്പ്ലനേഷൻ ഇറക്കിയിട്ടില്ല.

മി. സ്പീക്കർ : ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. ശിവദാസമേനോൻ : സർ, ഭേദഗതികൾ ഒന്നും സ്വീകരിക്കുന്നില്ല.

ശ്രീ. തമ്പാനൂർ രവി, ശ്രീ. കെ.സി. വേണുഗോപാൽ, ശ്രീ. ടി.എം. ജേക്കബ്, ശ്രീ. ഡൊമിനിക് പ്രസന്റേഷൻ എന്നീ അംഗങ്ങൾ അവതരിപ്പിച്ച ഭേദഗതികൾ നിരാകരിക്കപ്പെട്ടു.

21-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

21-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

22-ാം വകുപ്പ്

22-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

22-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

പട്ടിക

ശ്രീ. ജോണി നെല്ലൂർ : സർ, ഞാൻ എന്റെ ഭേദഗതികൾ അവതരിപ്പിക്കുന്നു.

(341) പട്ടികയിൽ ഇനം 1 താഴെപ്പറയും പ്രകാരം മാറ്റുക.

" 1. സംരംഭങ്ങൾക്ക് സഹായത്തിനുള്ള മാനദണ്ഡം"

(344) പട്ടികയിലെ 2-ാം ഇനത്തിൽ 'സഹായം' എന്ന വാക്കിന് പകരം 'വായ്പ' എന്നാക്കുക.

(346) പട്ടികയിലെ 3-ാം ഇനത്തിലുള്ള 'സഹായങ്ങൾ' എന്ന വാക്കിന് പകരം 'വായ്പകൾ' എന്നാക്കുക.

(347) പട്ടികയിലെ 5-ാം ഇനത്തിലുള്ള 'സഹായത്തിനുള്ള' എന്ന വാക്കിന് പകരം 'വായ്പയ്ക്കുള്ള' എന്നാക്കുക.

ശ്രീ. ടി.എം. ജേക്കബ് : സർ, ഞാൻ എന്റെ ഭേദഗതി അവതരിപ്പിക്കുന്നു.

(342) പട്ടികയിൽ,

(1) ഇനം '2' താഴെപ്പറയും പ്രകാരം മാറ്റി എഴുതുക.

"2'ഏത് ആവശ്യങ്ങൾക്കൊക്കെ സഹായം നൽകാമെന്ന്"

(2) ഇനം '3' താഴെപ്പറയും പ്രകാരം മാറ്റി എഴുതുക.

"3, എന്തെല്ലാംതരം സഹായങ്ങൾ നൽകാമെന്ന്"

(3) ഇനം '4' താഴെപ്പറയും പ്രകാരം മാറ്റി എഴുതുക.

"4, പലിശയും പിഴപ്പലിശയും"

(4) ഇനം '8' താഴെപ്പറയും പ്രകാരം മാറ്റി എഴുതുക.

"8, ധാരണാ പത്രത്തെയോ നിർവഹണ കരാറിനെയോ സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ"

(5) ഇനം '13' താഴെപ്പറയും പ്രകാരം മാറ്റി എഴുതുക.

"13. കണക്കുകൾ സൂക്ഷിക്കൽ, ബഡ്ജറ്റ് തയ്യാറാക്കൽ, കണക്കുകളുടെ ആഡിറ്റ്, സർക്കാരിന് റിപ്പോർട്ട് സമർപ്പിക്കൽ എന്നിവയുടെ രീതി"

(6) ഇനം '15' ഒഴിവാക്കുകയും 16 പുനഃക്രമീകരിക്കുകയും ചെയ്യുക.

LIBRARY ARCHIVES Kerala Legislative Assembly

സർ, ഇതിനകത്ത് കുറേ കറക്ഷൻസ് അണ് ഞാൻ പറഞ്ഞിരിക്കുന്നത്.

മി. സ്പീക്കർ : ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

ശ്രീ. ടി. ശിവദാസമേനോൻ : സർ, ഭേദഗതികൾ ഒന്നും സ്വീകരിക്കുന്നില്ല.

ശ്രീ. ജോണി നെല്ലൂർ, ശ്രീ. ടി.എം. ജേക്കബ് എന്നീ അംഗങ്ങൾ അവതരിപ്പിച്ച ഭേദഗതികൾ നിരാകരിക്കപ്പെട്ടു.

പട്ടിക ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

പട്ടിക ബില്ലിന്റെ ഭാഗമായി.

1-ാം വകുപ്പും പീഠികയും പേരും

ശ്രീ. തമ്പാനൂർ രവി : സർ, ഞാൻ എന്റെ ഭേദഗതി അവതരിപ്പിക്കുന്നു.

(101) ബില്ലിൽ "കേരള അടിസ്ഥാന സൗകര്യ നിക്ഷേപനിധി"എന്ന് കാണുന്നിടത്തെല്ലാം "കേരള അടിസ്ഥാന സൗകര്യ വികസന നിക്ഷേപ നിധി" എന്നാക്കി മാറ്റുക.

സർ, അങ്ങ് ധനകാര്യ വകുപ്പുമന്ത്രി എന്നുള്ള നിലയിൽ വളരെ പിശുക്ക് കാണിക്കുന്നത് മനസ്സിലാക്കാം. പക്ഷേ, നിയമനിർമ്മാണത്തിന് പിശുക്ക് കാണിക്കുന്നതെന്തിനാ? ഇത് അടിസ്ഥാന സൗകര്യ വികസന ഫണ്ടാണ്. അതുകൊണ്ട് ഈ പേരിൽ അടിസ്ഥാന സൗകര്യ നിക്ഷേപനിധി എന്ന് മലയാളത്തിലും The Kerala Infrastructure Development Investment Fund Bill എന്ന് ഇംഗ്ലീഷിലും ആക്കണം. പ്രതിപക്ഷം കൊണ്ടു വന്ന ഭേദഗതി എന്നുള്ളനിലയ്ക്ക് നിരാകരിക്കുകയാണെങ്കിൽ നിരാകരിക്കാം. ഇതിന്റെ ഉദ്ദേശ്യം നിയമത്തിന് വിശദീകരിച്ചത് അനുസരിച്ചാണെങ്കിൽ "അടിസ്ഥാന സൗകര്യ വികസന നിക്ഷേപ നിധി ബിൽ" എന്നാക്കണം. അതുകൊണ്ട് വികസനം എന്നുള്ള വാക്കുകൂടി ചേർക്കണം.

മി. സ്പീക്കർ : ഇനി ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ, അങ്ങേയ്ക്ക് 102,107 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കാം.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, ഞാൻ എന്റെ 102, 107 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുകയാണ്.

(102) തത്വപ്രഖ്യാപന വാക്യത്തിൽ "പണം" എന്നതിനുപകരം "മുതൽ" എന്നു ചേർക്കുക.

(107) പീഠികയിൽ "പണം മുടക്കുന്ന എന്നതിനുപകരം" "നിക്ഷേപം നടത്തുന്ന" എന്നു ചേർക്കുക. ഈ രണ്ടു ഭേദഗതികളും മൂവ് ചെയ്യുന്നു.

മി. സ്പീക്കർ : ശ്രീ. കെ.സി. ജോസഫ്, അങ്ങയുടെ 103, 106 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കാം.

ശ്രീ. കെ.സി. ജോസഫ് : സർ, എന്റെ 103, 106 എന്നീ നമ്പർ ഭേദഗതികൾ മൂവ് ചെയ്യുകയാണ്.

(103) തത്വപ്രഖ്യാപന വാക്യത്തിൽ "പണം മുടക്കുന്ന" എന്നതിനു പകരം "നിക്ഷേപം നടത്തുന്ന"എന്നു ചേർക്കുക,

(106) പീഠികയിൽ "പണം" എന്നതിനു പകരം "മുതൽ" എന്നു ചേർക്കുക. ഈ രണ്ട് ഭേദഗതികൾ മൂവ് ചെയ്യുന്നു. ഇതേകുറിച്ചു സംസാരിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ : ശ്രീ. കെ.പി. രാജേന്ദ്രനില്ല, ശ്രീ. പി. രാജു ഇല്ല. ശ്രീ. കെ.എം. മാണി, അങ്ങയുടെ 108-ാം നമ്പർ ഭേദഗതി അവതരിപ്പിക്കാം.

ശ്രീ. കെ.എം. മാണി : സർ, എന്റെ 108-ാം നമ്പർ ഭേദഗതി മൂവ് ചെയ്യുകയാണ്.

(108) പീഠികയിൽ "രൂപീകരിക്കുന്നതും, അതുമായി ബന്ധപ്പെട്ടതോ ആനുഷംഗികമായതോ ആയ സംഗതികൾക്ക് വ്യവസ്ഥചെയ്യുന്നതും" എന്ന ഭാഗം നീക്കം ചെയ്യുകയും പകരം "രൂപീകരിക്കുന്നത്" എന്ന് ചേർക്കുകയും ചെയ്യേണ്ടതാണ്, എന്നതാണ് എന്റെ ഭേദഗതി.

മി. സ്പീക്കർ : ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടി.

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) : സർ, ബില്ലിന്റെ പേരിന്റെ കാര്യത്തിൽ ആ ഭേദഗതിയുടെ ആവശ്യമില്ല സർ. അതുകൊണ്ട് ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ : ശ്രീ. തമ്പാനൂർ രവി, അങ്ങയുടെ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. തമ്പാനൂർ രവി : സർ, ഞാൻ പ്രസ് ചെയ്യുന്നു, പോൾ ആവശ്യപ്പെടുന്നു.

മി. സ്പീക്കർ : ശ്രീ. തമ്പാനൂർ രവിയുടെ 101-ാം നമ്പർ ഭേദഗതിയെ അനുകൂലിക്കുന്നവർ....

(സഭാംഗങ്ങൾ താഴെ പറയും പ്രകാരം വോട്ടു രേഖപ്പെടുത്തി)

അനുകൂലിക്കുന്നവർ- 23

1. ശ്രീ. എ.കെ. ആന്റണി
2. ശ്രീ. കെ. ബാബു
3. ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
4. ശ്രീ. പി.ജെ. ഫ്രാൻസിസ്
5. ശ്രീ. ടി.എം. ജേക്കബ്
6. ശ്രീ. ജോണി നെല്ലൂർ
7. ശ്രീ. കെ.സി. ജോസഫ്
8. ശ്രീ. പി.ജെ. ജോയി
9. ശ്രീ. ജി. കാർത്തികേയൻ
10. ശ്രീ. കെ.ഒ. നായർ
11. ശ്രീ. കെ.എം. മാണി
12. ശ്രീ. ആര്യാടൻ മുഹമ്മദ്
13. ശ്രീ. കെ. നാരായണക്കുറുപ്പ്
14. ശ്രീ. എഴുകോൺ നാരായണൻ
15. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
16. ശ്രീമതി രാധാ രാഘവൻ
17. ശ്രീ. തമ്പാനൂർ രവി
18. ശ്രീമതി റോസമ്മ ചാക്കോ

LIBRARY ARCHIVES Kerala Legislative Assembly

29. പ്രൊഫ. സാവിത്രി ലക്ഷ്മണൻ
20. ശ്രീ. സി.എഫ്. തോമസ്
21. ശ്രീ. തോമസ് ചാഴികാടൻ
22. ശ്രീ. കെ.സി. വേണുഗോപാൽ
23. ശ്രീ. ബി. വിജയകുമാർ

പ്രതികൂവിക്കുന്നവർ- 53

1. ശ്രീ. എ. അലി ഹസ്സൻ
2. ശ്രീ. ആനത്തലവട്ടം ആനന്ദൻ
3. ശ്രീ. എൻ. അനിരുദ്ധൻ
4. ശ്രീ. ആന്റണി രാജു
5. ശ്രീ. ടി.കെ. ബാലൻ
6. ശ്രീ. സി.പി. ബാലൻ വൈദ്യർ
7. ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ
8. ശ്രീ. വെണ്ണാനൂർ പി. ഭാസ്കരൻ
9. ശ്രീ. വി.കെ. ചന്ദ്രൻ
10. ശ്രീ. എം. ദാസൻ
11. ശ്രീമതി ഗിരിജാ സുരേന്ദ്രൻ
12. ശ്രീ. എം.വി. ഗോവിന്ദൻ മാസ്റ്റർ
13. ശ്രീ. ടി.കെ. ഹംസ
14. ശ്രീ കെ ഇ. ഇസ്മയിൽ
15. ശ്രീ. ജോൺ ഫെർണാണ്ടസ്
16. ശ്രീ ജോസ് ബേബി
17. ശ്രീ. എ. കണാരൻ
18. ശ്രീ. പി.കെ. കുമാരൻ
19. ശ്രീ. പി.ടി. കുഞ്ഞിമുഹമ്മദ്
20. ശ്രീ. സി.എ. കുര്യൻ
21. ശ്രീ. ശ്രീമതി ആർ. ലതാദേവി
22. ശ്രീ. ലോനപ്പൻ നമ്പാടൻ
23. ശ്രീമതി ജെ. മെഴ്സിക്കുട്ടി അമ്മ
24. ശ്രീ. പാലൊളി മുഹമ്മദ് കുട്ടി
25. ശ്രീ. മോൻസ് ജോസഫ്
26. ശ്രീ. പി.പ്പൻകോട് മുരളി
27. ശ്രീ. സി.കെ. നാണു
28. ശ്രീ. പി. നാരായണൻ
29. ശ്രീ. ടി.കെ. നൗഷാദ്

LIBRARY ARCHIVES Kerala Legislative Assembly

30. ശ്രീ. കെ. പ്രകാശ് ബാബു
31. ശ്രീ. ശ്രീമതി എൻ.കെ. രാധ
32. ശ്രീ. കെ. രാധാകൃഷ്ണൻ
33. ശ്രീ. സി.കെ. രാജേന്ദ്രൻ
34. ശ്രീ. കെ.പി. രാജേന്ദ്രൻ
35. ശ്രീ. പി. രാജു
36. ശ്രീ. രാജു എബ്രഹാം
37. ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ
38. ശ്രീ. ടി.കെ. രാമകൃഷ്ണൻ
39. ശ്രീ. എസ്. ശർമ്മ
40. ശ്രീ. കെ.പി. സതീശ് ചന്ദ്രൻ
41. ശ്രീ. സത്യൻ മൊകേരി
42. ശ്രീ. സെബാസ്റ്റ്യൻ പോൾ
43. ശ്രീ. എ.സി. ഷൺമുഖദാസ്
44. ശ്രീ. ടി. ശിവദാസമേനോൻ
45. ശ്രീ. ജി. സുധാകരൻ
46. ശ്രീ. പി.പി. സുലൈമാൻ റാവുത്തർ
47. ശ്രീ. പി.എസ്. സുപാൽ
48. ശ്രീ. കടകംപള്ളി സുരേന്ദ്രൻ
59. ശ്രീമതി സുശീലാ ഗോപാലൻ
50. ശ്രീ. എം.എ. തോമസ്
51. ശ്രീ. എം.പി. വർഗ്ഗീസ്
52. ശ്രീ. വർഗ്ഗീസ് വൈദ്യർ
53. ശ്രീ. പി. വിശ്വൻ

മി. സ്പീക്കർ :

അനുകൂലിക്കുന്നവർ -23

പ്രതികൂലിക്കുന്നവർ-53

നിഷ്പക്ഷത പാലിക്കുന്നവർ ആരുമില്ല.

ശ്രീ. തമ്പാനൂർ രവി അവതരിപ്പിച്ച 101-ാം നമ്പർ ഭേദഗതി 23-നെതിരെ 53 വോട്ടുകളോടെ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ശ്രീ. കെ.സി. ജോസഫ്, ശ്രീ. കെ. എം. മാണി എന്നീ അംഗങ്ങൾ അവതരിപ്പിച്ച ഭേദഗതികൾ സഭ നിരാകരിച്ചു.

1-ാം വകുപ്പും ഭീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ സഭ അംഗീകരിച്ചു.

1-ാം വകുപ്പും ഭീഠികയും പേരും ബില്ലിന്റെ ഭാഗമായി.

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ : ഇനി 3-ാം വായന. ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രിക്ക് അങ്ങയുടെ പ്രമേയം അവതരിപ്പിക്കാം.

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) : സർ, സബ്ജക്റ്റ് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 1999-ലെ കേരള അടിസ്ഥാനസൗകര്യ നിക്ഷേപനിധി ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. എ.സി. ഷൺമുഖദാസ്) : സർ, ഞാൻ പ്രമേയത്തെ പിൻതാങ്ങുന്നു.

മി. സ്പീക്കർ : പ്രമേയത്തെക്കുറിച്ച് ചർച്ചയില്ല. ഇനി 1999-ലെ കേരള അടിസ്ഥാന സൗകര്യ നിക്ഷേപനിധി ബിൽ പാസ്സാക്കണമെന്ന പ്രമേയത്തെ അനുകൂലിക്കുന്നവർ.... പ്രതികൂലിക്കുന്നവർ.....

ശ്രീ. ടി.എം. ജേക്കബ് : സർ, ഐ ഡിമാന്റ് എ പോൾ.

മി. സ്പീക്കർ : 1999-ലെ കേരള അടിസ്ഥാന സൗകര്യ നിക്ഷേപനിധി ബിൽ പാസ്സാക്കണമെന്ന പ്രമേയത്തെ അനുകൂലിക്കുന്നവർ.....

(സഭാംഗങ്ങൾ താഴെ പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി.)

അനുകൂലിച്ചവർ-54

1. ശ്രീ. എ. അലി ഹസ്സൻ
2. ശ്രീ. ആനത്തലവട്ടം ആനന്ദൻ
3. ശ്രീ. എൻ. അനിരുദ്ധൻ
4. ശ്രീ. ആന്റണി രാജു
5. ശ്രീ. ടി.കെ. ബാലൻ
6. ശ്രീ. സി.പി. ബാലൻ വൈദ്യർ
7. ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ
8. ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ
9. ശ്രീ. വി.കെ. ചന്ദ്രൻ
10. ശ്രീ. എം. ദാസൻ
11. ശ്രീമതി ഗിരിജാ സുരേന്ദ്രൻ
12. ശ്രീ. എം.വി. ഗോവിന്ദൻ മാസ്റ്റർ
13. ശ്രീ. ടി.കെ. ഹംസ
14. ശ്രീ. കെ.ഇ. ഇസ്മയിൽ
15. ശ്രീ. ജോൺ ഫെർണാണ്ടസ്
16. ശ്രീ. ജോസ് ബേബി
17. ശ്രീ. എ. കണാരൻ
18. ശ്രീ. പി.കെ. കുമാരൻ
19. ശ്രീ. പി.ടി. കുഞ്ഞിമുഹമ്മദ്
20. ശ്രീ. സി.എ. കുര്യൻ
21. ശ്രീ. ശ്രീമതി ആർ. ലതാദേവി
22. ശ്രീ. ലോനപ്പൻ നമ്പാടൻ

LIBRARY ARCHIVES Kerala Legislative Assembly

23. ശ്രീമതി ജെ. മെഴ്സിക്കുട്ടി അമ്മ
24. ശ്രീ. പാലൊളി മുഹമ്മദ് കുട്ടി
25. ശ്രീ. മോൻസ് ജോസഫ്
26. ശ്രീ. പിരപ്പൻകോട് മുരളി
27. ശ്രീ. സി.കെ. നാണു
28. ശ്രീ. എം. നാരായണൻ (ഹോസ്ദുർഗ്)
29. ശ്രീ. പി. നാരായണൻ
30. ശ്രീ. ടി.കെ. നൗഷാദ്
31. ശ്രീ. കെ. പ്രകാശ് ബാബു
32. ശ്രീ. ശ്രീമതി എൻ.കെ. രാധ
33. ശ്രീ. കെ. രാധാകൃഷ്ണൻ
34. ശ്രീ. സി.കെ. രാജേന്ദ്രൻ
35. ശ്രീ. കെ.പി. രാജേന്ദ്രൻ
36. ശ്രീ. പി. രാജു
37. ശ്രീ. രാജു എബ്രഹാം
38. ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ
39. ശ്രീ. ടി.കെ. രാമകൃഷ്ണൻ
40. ശ്രീ. എസ്. ശർമ്മ
41. ശ്രീ. കെ.പി. സതീശ് ചന്ദ്രൻ
42. ശ്രീ. സത്യൻ മൊകേരി
43. ശ്രീ. സെബാസ്റ്റ്യൻ പോൾ
44. ശ്രീ. എ.സി. ഷൺമുഖദാസ്
45. ശ്രീ. ടി. ശിവദാസമേനോൻ
46. ശ്രീ. ജി. സുധാകരൻ
47. ശ്രീ. പി.പി. സുലൈമാൻ റാവുത്തർ
48. ശ്രീ. പി.എസ്. സുപാൽ
49. ശ്രീ. കടകംപള്ളി സുരേന്ദ്രൻ
50. ശ്രീമതി സുശീലാ ഗോപാലൻ
51. ശ്രീ. എം.എ. തോമസ്
52. ശ്രീ. എം.പി. വർഗ്ഗീസ്
53. ശ്രീ. വർഗ്ഗീസ് വൈദ്യർ
54. ശ്രീ. പി. വിശ്വൻ

പ്രതികൂലിച്ചവർ- 23

1. ശ്രീ. എ.കെ. ആന്റണി
2. ശ്രീ. കെ. ബാബു

LIBRARY ARCHIVES Kerala Legislative Assembly

3. ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
4. ശ്രീ. പി.ജെ. ഫ്രാൻസീസ്
5. ശ്രീ. ടി.എം. ജേക്കബ്
6. ശ്രീ. ജോണി നെല്ലൂർ
7. ശ്രീ. കെ.സി. ജോസഫ്
8. ശ്രീ. പി.ജെ. ജോയി
9. ശ്രീ. ജി. കാർത്തികേയൻ
10. ശ്രീ. കെ.കെ. നായർ
11. ശ്രീ. കെ.എം. മാണി
12. ശ്രീ. ആര്യാടൻ മുഹമ്മദ്
13. ശ്രീ. കെ. നാരായണക്കുറുപ്പ്
14. ശ്രീ. എഴുകോൺ നാരായണൻ
15. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
16. ശ്രീമതി രാധാ രാഘവൻ
17. ശ്രീ. തമ്പാനൂർ രവി
18. ശ്രീമതി റോസമ്മ ചാക്കോ
19. പ്രൊഫ. സാവിത്രി ലക്ഷ്മണൻ
20. ശ്രീ. സി.എഫ്. തോമസ്
21. ശ്രീ. തോമസ് ചാഴികാടൻ
22. ശ്രീ. കെ.സി. വേണുഗോപാൽ
23. ശ്രീ. ബി. വിജയകുമാർ

മി. സ്പീക്കർ :

അനുകൂലിക്കുന്നവർ-54

പ്രതികൂലിക്കുന്നവർ-23

നിഷ്പക്ഷത പാലിക്കുന്നവർ ആരുമില്ല.

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ പാസ്സായിരിക്കുന്നു.

1999 -ലെ കേരള അടിസ്ഥാനസൗകര്യ നിക്ഷേപനിധി ബിൽ പാസ്സാക്കണമെന്ന പ്രമേയം സഭ 23-നെതിരെ 54 വോട്ടുകളോടെ അംഗീകരിച്ചു.

ബിൽ സഭ പാസ്സാക്കി

മി. സ്പീക്കർ :

ഓർഡർ, ഓർഡർ, സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(1999 ഡിസംബർ മാസം 29-ാം തീയതി ബുധനാഴ്ച രാവിലെ 8.30 മണിക്ക് വീണ്ടും സമ്മേളിക്കുന്നതിലേയ്ക്കായി സഭ രാത്രി 10.33-ന് പിരിഞ്ഞു.

LIBRARY ARCHIVES Kerala Legislative Assembly